ഫലനോപ്സിസ്
ഓർക്കിഡുകൾ

വാഴക്കുളത്തെ
വലിയ പാൽക്കാരൻ



മലയാള മനോരമയുടെ
കാർഷിക മാസിക
ESTABLISHED 1888
വില: 12രൂപ

# കർഷകശ്രീ

2009 ജൂലൈ



## പ്രിസിഷൻ ഫാമിങ് അറിവുകൾ

# എത്ര കൃത്യം

**കിറുകൃത്യ കൃഷിയെ അടുത്തറിയുക. തമിഴ്നാട് വഴികാട്ടുന്നു. ഒരേക്കറിൽ നിന്നുള്ള ലാഭം ലക്ഷങ്ങളിലേക്കുയർത്തുന്ന പ്രിസിഷൻ കൃഷി ഇപ്പോൾ ധർമപുരി, കൃഷ്ണഗിരി ജില്ലകൾക്കു ശേഷം തമിഴ്നാടു മുഴുവൻ വ്യാപിക്കുന്നു. റിപ്പോർട്ട്**

നെമി ജോർജ്

ഇവിടെ ആദായത്തിനു ലക്ഷങ്ങളുടെ കണക്കേയുള്ളൂ. സ്ഥലം ഒരേക്കറേ കാണൂ. അതിലെ കൃഷിയാണെങ്കിൽ ഒന്നുരണ്ടിനം പച്ചക്കറിയും.ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ പ്രഫസർമാർ മുതൽ കോട്ടയത്തെ കർഷകർ വരെ ഇവരുടെ പക്കലെത്തുന്നു. എല്ലാവർക്കും തുള്ളി പണ്ണൈ വ്യവസായത്തെ പാർക്കണം.

നമ്മുടെ തൊട്ടയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ കൃഷ്ണഗിരി, ധർമപുരി എന്നീ രണ്ടു ജില്ലകൾ ഇപ്പോൾ രാജ്യത്തിൻെറ മൊത്തം ശ്രദ്ധ പിടിച്ചു പറ്റിയിരിക്കുകയാണ്. പ്രിസിഷൻ കൃഷിയുടെ രാജ്യത്തെ ആദ്യത്തെ വൻകിട പരീക്ഷണശാലകളാണീ ജില്ലകൾ. ഇസ്രയേൽ എന്ന രാജ്യത്തിൻെറ ഇന്ത്യയിലെ കൊച്ചു പതിപ്പുകൾ. ഇസ്രായേലും അമേരിക്കയുമൊക്കെ കീഴടക്കിയ പ്രിസിഷൻ ഫാമിങ് അങ്ങനെ ഇന്ത്യയിലുമെത്തിയിരിക്കുന്നു. പ്രിസിഷൻകൃഷിയെ കിറുകൃത്യ കൃഷിയെന്നോ മറ്റോ മലയാളത്തിൽ പരിഭാഷപ്പെടുത്താം. തമിഴരാകട്ടെ ഇതിന് പതിവുപോലെ സ്വന്തം ശൈലിയിൽ തന്നെ പേരു കണ്ടെത്തി. അതാണു തുള്ളിയെ പണ്ണൈ വ്യവസായം. എന്നു പറഞ്ഞാൽ തുള്ളിതുള്ളിയായി വെള്ളം കൊടുത്തു നനച്ചു ചെയ്യുന്ന കൃഷി.

കൃഷ്ണഗിരിയും ധർമപുരിയുമൊക്കെ മലയാളിക്ക് അറിഞ്ഞു കൂടാത്ത നാടുകളല്ല. ഇവിടെ നിന്നു ബാംഗളൂരിലേക്കു നിത്യേന ട്രിപ്പു നടത്തുന്ന മിക്ക ബസുകളും പോകുന്നതു സേലം, ഹൊസൂർ വഴിയാണ്. ഹൊസൂറിനു തൊട്ടു മുമ്പ് ധർമപുരി ജില്ല, അതിനു ചേർന്ന് കൃഷ്ണഗിരി ജില്ല. എൽ ആൻഡ് ടി നാലു വരി നാഷണൽ ഹൈവേ കടന്നുപോകുന്നത് ഈ ജില്ലകൾ രണ്ടിലൂടെയുമാണ്. അതായത് ഒരിക്കലെങ്കിലും (അറിയാതെയാണെങ്കിൽ കൂടി) ഈ ജില്ലകൾ കണ്ടിട്ടുള്ള മലയാളികൾ

ചിത്രങ്ങൾ: കെ.സി. സൗമിഷ്



# ലാഭം ലക്ഷങ്ങൾ

വളരെയധികമായിരിക്കും. എന്നാൽ ഇവിടെ നടന്നു പോരുന്ന നിശബ്ദ വിപ്ലവം നമുക്ക് തീരെ പരിചിതമായിരുന്നില്ല.

തമിഴ്നാട്ടിലെത്തിയാൽ ഗവേഷകർ കർഷകർക്കൊപ്പം പാടത്താണ്. ഒരിക്കൽ പോയാൽ തിരികെ വരുന്നത് ആഴ്ചകൾ കഴിഞ്ഞായിരിക്കും അതിന്റെ ഫലമോ. ഇതാ സംസാരിക്കുന്ന കണക്കുകൾ. വഴുതിനയുടെ ദേശീയ ശരാശരി വിളവ് ഹെക്ടറിനു പതിനാറു ടൺ. തമിഴ്നാട്ടിലെ നല്ല കർഷകർക്കു കിട്ടിപ്പോന്നിരുന്നത് ഹെക്ടറിന് എൺപതു ടൺ. പ്രിസിഷൻ കൃഷിയിൽ കിട്ടുന്നത് മുന്നൂറ്റമ്പതു ടൺ വരെ. ഏറ്റവും കുറഞ്ഞ വിളവു പോലും ഇരുനൂറു ടണ്ണിനു മുകളിൽ. പതിനാറിൽ നിന്നു മുന്നൂറ്റി ചില്വാനത്തിലേക്കുള്ള വളർച്ച ഗവേഷണത്തിന്റെ ഫലമാണ്. തക്കാളിയിൽ ഉൽപാദനത്തിന്റെ ദേശീയ ശരാശരി ഹെക്ടറിനു 17 ടൺ. തമിഴ്നാട്ടിലെ നല്ല കർഷകർക്കു കിട്ടിപ്പോന്നിരുന്നത് 60 ടൺ. പ്രിസിഷൻ കൃഷിയിൽ ഇത് നൂറ്റമ്പതു ടൺ. വാഴയ്ക്കു ദേശീയ ശരാശരി വിളവ് ഹെക്ടറിനു 35 ടൺ. പ്രിസിഷൻകൃഷിയിൽ 120 ടൺ. ഇതിനെയൊക്കെ അത്ഭുതമെന്നല്ലെങ്കിൽ പിന്നെന്താണു വിളിക്കേണ്ടത്.



# നാടെങ്ങും വളർന്ന നൂറു ഹെക്ടർ

*ഗ്രാൻഡ് നെയിൻ വാഴയുടെ പ്രിസിഷൻ കൃഷിത്തോട്ടം*

**അഞ്ചുവർഷം മുമ്പ് വെറും നൂറു ഹെക്ടറിലായിരുന്നു പ്രിസിഷൻ കൃഷി. അവിടുത്തെ പരീക്ഷണം വിജയിച്ചതോടെ നാടെങ്ങും ആവേശമായി പുതിയ കൃഷിരീതി മാറുന്നു.**

വലിയൊരു വെല്ലുവിളിയായിരുന്നു വടിവേലിനും സംഘത്തിനും മുന്നിലുണ്ടായിരുന്നത്. പ്രിസിഷൻ കൃഷിക്കു നൂറു കർഷകരെ കിട്ടണം. ഇതു സ്റ്റാർട്ടിങ് ട്രബിൾ. രണ്ടാം കൊല്ലം മുതൽ കർഷകരെ നിയന്ത്രിക്കുന്നതായി ബുദ്ധിമുട്ട്.

കോയമ്പത്തൂർ ആസ്ഥാനമായ തമിഴ്നാട് കാർഷിക സർവകലാശാലയുടെ അറിവു കൈമാറ്റ വിഭാഗം മേധാവിയാണ് ഡോ. ഇ. വടിവേൽ. തമിഴ്നാട് ഗവൺമെന്റിനു വേണ്ടി മൂന്നു വർഷം കൊണ്ടു നാനൂറു ഹെക്ടർ സ്ഥലത്ത് പ്രിസിഷൻ കൃഷി നടത്തി വിജയിപ്പിക്കാനുള്ള ഉത്തരവാദിത്വം സർവകലാശാല ഏറ്റെടുക്കുകകയായിരുന്നു. പതിനേഴര കോടി രൂപയ്ക്ക് ഒരു ബഹുരാഷ്ട്ര കമ്പനിക്ക് ഉറപ്പിക്കാനിരുന്ന കരാർ വെറും ഏഴര കോടി രൂപയ്ക്ക് സർവ കലാശാല നേടിയെടുത്തു. പ്രിസിഷൻ അങ്കത്തിൽ വടിവേൽ സേനാനായകനായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ വലംകൈയായിരുന്നു ഡോ. ഐ. മുത്തുവേൽ. ഇപ്പോൾ തമിഴ്നാട്ടിൽ പദ്ധതി വിജയിച്ചതിനെ തുടർന്ന് മുത്തുവേലിനെ തങ്ങൾക്കു വിട്ടുതരണമെന്ന് പോണ്ടിച്ചേരി ഗവൺമെന്റ് ആവശ്യമുന്നയിച്ചിരിക്കുകയാണ്.

പദ്ധതിയുടെ രൂപരേഖ ഇങ്ങനെയായിരുന്നു. തുടക്കത്തിൽ നൂറുഹെക്ടറിൽ പരീക്ഷണകൃഷി. ഇത് നൂറുകർഷകരുടെ നേതൃത്വത്തിൽ. ഓരോരുത്തരുടെയും ഓരോ ഹെക്ടർ വീതം പുതിയ കൃഷിക്ക്. രണ്ടാം വർഷം ഇരുനൂറു കർഷകർ കൂടി പദ്ധതിയിൽ ചേരുന്നു. ഇരുനൂറു ഹെക്ടർഭൂമി. മൂന്നാം വർഷം വീണ്ടും നൂറു ഹെക്ടറും നൂറു കർഷകരും. അങ്ങനെ മൊത്തം നാനൂറു കർഷകരെ പങ്കാളികളാക്കിക്കൊണ്ട് നാനൂറു ഹെക്ടറിൽ കൃഷി. ഒരു ഹെക്ടറിൽ പ്രിസിഷൻ കൃഷി നടപ്പാക്കുമ്പോൾ തുള്ളിനന സംവിധാനം ഏർപ്പെടുത്തുന്നതിന് 75000 രൂപയും കൃഷിക്ക് 40000 രൂപയും ചെലവാകുമെന്നായിരുന്നു കണക്ക്. ഇതു മുഴുവൻ ഒന്നാംവർഷം ഗവൺമെന്റ് സബ്സിഡി. രണ്ടാംവർഷം പദ്ധതിയിൽ ചേരുന്നവർക്ക് മൊത്തം ചെലവിന്റെ 90 ശതമാനവും മൂന്നാം വർഷക്കാർക്ക് 80 ശതമാനവും സബ്സിഡി. കാർഷിക വിളകളുടെ വിലത്തകർച്ചയെ തുടർന്ന് നിരാശയിലേക്കും പിന്നീടു മാവോയിസത്തിലേക്കും വഴുതിപ്പോകുന്ന ഗ്രാമീണ ജനതയെ വീണ്ടെടുക്കുക എന്നതായിരുന്നു ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് കൃഷി ആദായകരമായ സംരംഭമാക്കി മാറ്റേണ്ടിയിരുന്നു. ആ ദൗത്യമാണ് വടിവേലും സഹപ്രവർത്തകരും കൂടി ഏറ്റെടുത്തത്.

കൃഷിയിടങ്ങളിൽ, തൊഴുത്തുകളിൽ, കളപ്പുരകളിൽ ഒക്കെ കർഷകരുമായി അനൗപചാരിക ചർച്ചകൾ ആഴ്ചകൾ നീണ്ടു. ആകെ വേണ്ടതിന്റെ പകുതി പേരെ പോലും കിട്ടിയി

# കർഷക കൂട്ടായ്മയുടെ വിജയം

**'ഞങ്ങളുടെ അറിവും അവരുടെ അറിവില്ലായ്മയും' എന്ന മനോഭാവം കൈവെടിഞ്ഞ് ഗവേഷകരും കർഷകരും സ്വന്തം വൈദഗ്ധ്യം പങ്കുവച്ചതാണ് പ്രിസിഷൻ കൃഷിയുടെ വിജയം**

*ഗവൺമെൻറിൻെറ നിശ്ചയദാർഢ്യമാണോ സർവകലാശാലയുടെ ഗവേഷണ മികവാണോ പ്രിസിഷൻ കൃഷിയിൽ വിജയം കണ്ടത്.*

• രണ്ടും ഒരു പോലെയുണ്ടായിരുന്നു. അതിലും പ്രധാനം ഗവൺമെൻറ് നയത്തിൻെറ തുടർച്ചയാണ്. ജയലളിത ഗവൺമെൻറാണ് ഈ പദ്ധതി തുടങ്ങിയത്. കരുണാനിധി ഗവൺമെൻറ് വന്നപ്പോൾ അതേ ഗൗരവത്തിൽ തന്നെ ഇതു തുടരുകയാണുണ്ടായത്. മുൻ എംപി, ഇപ്പോഴത്തെ എംഎൽഎ എന്നിവരൊക്കെ ഞങ്ങളുടെ പദ്ധതിയിൽ അംഗങ്ങളായ കർഷകരാണ്.

*എന്തായിരുന്നു താങ്കളുടെ പ്രവർത്തന ശൈലി.*

• പരമാവധി സമയം കർഷകരോടൊപ്പമായിരിക്കും. അവരോട് നിരന്തരമായി സംവാദങ്ങൾ നടത്തും. അതിലൂടെ ഇരുകൂട്ടർക്കും പ്രയോജനമെടുക്കാൻ സാധിക്കും. ഈ പദ്ധതി സംബന്ധിച്ചു ഞങ്ങൾ പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിൻെറ പേരു തന്നെ 'പങ്കു വച്ച അനുഭവങ്ങളും നേടിയെടുത്ത വൈദഗ്ധ്യവും' എന്നാണ്. കർഷകരിൽ നിന്നു പലതും പഠിക്കാൻ ഞങ്ങൾ തയാറായിരുന്നു. ഞങ്ങൾ അവരിൽ നിന്നു പഠിച്ചകാര്യങ്ങളായിരുന്നു അവർക്കു ഞങ്ങൾ കൊടുത്ത സാങ്കേതികവിദ്യകളെക്കാൾ അളവിൽ കൂടുതലുണ്ടായിരുന്നത്. അവരുടെ നാട്ടറിവുകളുടെ വെളിച്ചത്തിൽ ഞങ്ങൾക്കു ഗവേഷണ, വിദ്യാഭ്യാസ, അറിവുകൈമാറ്റ രീതികളെയെല്ലാം ശുദ്ധീകരിക്കാനായി.



*ഡോ. ഇ. വടിവേൽ*

*പ്രിസിഷൻ കൃഷി സമ്പ്രദായം നടപ്പാക്കിയ രീതിയെങ്ങിനെയാണ്.*

• കർഷക കൂട്ടായ്മകളിൽ കൂടിയാണിതു നടപ്പാക്കിയത്. ഓരോ ഗ്രാമവും ഓരോ കൂട്ടായ്മ അഥവാ ക്ലസ്റ്ററാണ്. അവയെല്ലാം രജിസ്റ്റർ ചെയ്ത സൊസൈറ്റിയുമാണ്. ഇവർ മാസത്തിലൊരു തവണ യോഗം ചേർന്ന് അനുഭവങ്ങൾ പങ്കുവയ്ക്കുന്നു, ഞങ്ങളോടു ചോദിച്ചു സംശയ നിവാരണം നടത്തുന്നു. കൃഷിയുടെ മൊത്തം പദ്ധതിക്കു രൂപം നല്കുന്നതും പുരോഗമനം വിലയിരുത്തുന്നതുമൊക്കെ ഈ കൂട്ടായ്മകൾ തന്നെയാണ്. പ്രിസിഷൻകൃഷി തമിഴ്നാട്ടിൽ വിജയിച്ചതു തന്നെ കൂട്ടായ്മകൾ വളരെ നന്നായി പ്രവർത്തിച്ചതു കൊണ്ടാണ്.

*പുതിയ രീതിയുടെ വിജയത്തിൽ താങ്കളെ ഏറ്റവുമധികം സന്തോഷിപ്പിക്കുന്ന ഘടകമെന്താണ്.*

• ഇതിൽ അംഗങ്ങളായ കർഷകരെല്ലാം സാമ്പത്തികമായും സാമൂഹികമായും സാങ്കേതികവിദ്യാപരമായും കൂടുതൽ ശക്തരായി തീർന്നു എന്നതാണ് ഏറ്റവുമധികം ചാരിതാർത്ഥ്യം പകരുന്നത്. പദ്ധതി നടപ്പാക്കിയപ്പോൾ അമ്പതു ശതമാനം ഉൽപാദനവർധനവു നേടണമെന്നേ ഗവൺമെൻറ് പറഞ്ഞിരുന്നുള്ളൂ. എന്നാൽ അതിനെക്കാൾ അനേകമടങ്ങ് ഉൽപാദന വർധനവ് നേടാനായി എന്നതും സന്തോഷം പകരുന്നു. കീടനാശിനികളുടെയും മറ്റും ഉപയോഗം നേർപകുതിയായി കുറയ്ക്കാൻ സാധിച്ചതും അഭിമാനകരമാണ്.

*സാങ്കേതിക വിദ്യയുടെ പുതുമ കൊണ്ടാണോ ഈ നേട്ടം കൈവരിക്കാനായത്.*

• ഇതൊരു പുതിയ സാങ്കേതിക വിദ്യയേയല്ല. മറ്റു പല രാജ്യങ്ങളിലും വളരെക്കാലമായി പിന്തുടർന്നു പോരുന്നതാണ്. ഞങ്ങൾ ഇതിനെ ഇന്ത്യയ്ക്കു ചേരുന്ന രീതിയിൽ ശുദ്ധീകരിച്ചെടുത്തെന്നേയുള്ളൂ. ഉളിക്കലപ്പയുപയോഗിക്കുന്നതു പോലെ നമ്മുടെ പരമ്പരാഗതമായ കൃഷിരീതിയുടെ പല അംശങ്ങളും ഇതിൽ ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്. ഉയർന്ന വിളവിനും മണ്ണിൻെറ ആരോഗ്യത്തിനും ഒരു പോലെ ഊന്നൽ കൊടുക്കുന്നതിലും പരമ്പരാഗത കൃഷിയുടെ പല അംശങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

*എന്തുകൊണ്ടാണിതിനെ പ്രിസിഷൻ കൃഷിയെന്നു വിളിക്കുന്നത്.*

• എല്ലാകാര്യവും കിറുകൃത്യമായി ചെയ്യുന്നതു കൊണ്ടാണീ പേര്. ഉദാഹരണത്തിന് ഒരേക്കറിലേക്ക് ഒരു കിലോ വളമാണു ചേർക്കേണ്ടതെങ്കിൽ അതു മാത്രമേ ചേർക്കൂ. ഒരു ഗ്രാംപോലും കൂടില്ല. അരമണിക്കൂറാണ് വെള്ളം തുറന്നു വിടേണ്ടതെങ്കിൽ കൃത്യം അരമണിക്കൂർ മാത്രമേ തുറന്നു വിടൂ. ഇതേ കൃത്യതയാണ് എല്ലാ കാര്യത്തിലും പിന്തുടരുന്നത്.

*ഫോൺ: 0422-6611370 e.mail:* tnpfp@tnau.ac.in

ല്ല. ഉള്ളവരെ വച്ചു തുടങ്ങി, എന്തൊക്കെയോ നടക്കുന്നുവെന്ന ധാരണ മറ്റുള്ളവരിലേക്കു പകർന്നതോടെ പലരും താൽപര്യമെടുത്തു മുന്നോട്ടു വരികയായിരുന്നു. 2004 മുതൽ 2007 വരെയുള്ള മൂന്നു വർഷം കൊണ്ടു പദ്ധതി പൂർത്തിയായി. ഒരു നിശബ്ദ വിപ്ലവം. മാധ്യമങ്ങൾ പോലും ഒന്നും അറിഞ്ഞില്ല. മൂന്നു വർഷം പൂർത്തിയായതോടെ പ്രിസിഷൻ കൃഷി തമിഴ് മാധ്യമങ്ങൾ ആഘോഷിക്കുകയായിരുന്നു. അതിൻെറ ഫലമോ, പദ്ധതിയിൽ പങ്കാളിത്തം തേടി നാടെങ്ങും ആവശ്യക്കാർ. ഒടുവിൽ ഗവൺമെൻറ് വഴങ്ങി. മൊത്തം ചെലവിൻെറ അമ്പതു ശതമാനം സബ്സിഡിയായി നല്കി എല്ലാ ജില്ലകളിലും പ്രിസിഷൻ കൃഷി നടപ്പാക്കുകയാണിപ്പോൾ.



*ഡോ. ഐ. മുത്തുവേൽ*

കോയമ്പത്തൂരിൽ നിന്നു കൃഷ്ണഗിരിയിലേക്ക് ഏഴു മണിക്കൂർ യാത്രയാണ്. അതിനാൽ ഇതിൻെറ നടത്തിപ്പിനു ധർമപുരയിൽ സർവകലാശാലയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രം പ്രധാന പങ്കുവഹിച്ചു. ധർമപുരിക്കുംകൃഷ്ണഗിരിക്കും മധ്യേ പയ്യൂരിൽ ഒരു പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രവുമുണ്ട്. അവിടെയൊരു ക്വാർട്ടേഴ്സ് ഗസ്റ്റ് ഹൗസായി രൂപാന്തരപ്പെടുത്തിയെടുത്തു. കോയമ്പത്തൂരിൽ നിന്നു വരുന്ന ഗവേഷകർ ഈ ഗസ്റ്റ്ഹൗസിൽ താമസിച്ചായിരുന്നു ഗ്രാമങ്ങൾ തോറും പുത്തൻ അറിവുകളുമായി നീങ്ങിയത്. ഇതിനൊപ്പം തന്നെ വേറൊരു മാറ്റവും സംഭവിച്ചു. സർവകലാശാലയുംകർഷകരും തമ്മിലുള്ള ദൂരം പൂർണമായി ഇല്ലെന്നായി.

സ്വന്തം വീട്ടിലേക്കു വരുന്ന അതേ സന്തോഷത്തിലാണ് കർഷകർ സർവകലാശാലയിലെത്തുന്നത്. അവിടെ അവർക്കു താമസിക്കാനുള്ള ട്രെയിനീസ് ഹോസ്റ്റലിനു സ്റ്റാർ ഹോട്ടലിലെ സുഖസൗകര്യങ്ങളാണ്. ഏതു സമയവും ഏതു വിഷയത്തിലും ക്ലാസുകൾ നടത്താൻ സർവകലാശാലയിൽ അഞ്ചു ടെക്നോളജി പാർക്കുകളാണ്. ഇതിലൊന്ന് വിവര സാങ്കേതിക വിദ്യയുടെ നൂതന സൗകര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തുന്നതാണ്. സർവകലാശാല കർഷകരുടേതും കർഷകർ സർവകലാശാലയുടേതുമായപ്പോൾ ധർമപുരിയിലെ നൂറേക്കർ നാടെമ്പാടും വളർന്നു. ഇനിയൊരു കാലം വന്നേക്കാം, തമിഴ്നാട് ഇന്ത്യയിലെ ഇസ്രായേൽ ആകുന്ന കാലം.



*ധർമപുരിയിൽ കർഷകർ നേരിട്ടു നടത്തുന്ന അഗ്രോ സർവീസ് സെൻറർ. ഉൾച്ചിത്രം സെക്രട്ടറി സി. ഭൂപതി*

# കട, കമ്പനി, ഇനി മെഗാ ചന്ത

വിദ്യാഭ്യാസമോ ലോകപരിചയമോ ഒന്നുമല്ല യഥാർത്ഥ സംരംഭകനെ സൃഷ്ടിക്കുന്നതെന്ന സത്യം തിരിച്ചറിയുന്നതിനും ധർമപുരിയിലെത്തിയാൽ മതി. കാരണം പ്രിസിഷൻകൃഷിയിലേക്ക് ഇറങ്ങിയിരിക്കുന്ന ധർമപുരിക്കാരിൽ ഭൂരിപക്ഷത്തിനും സ്കൂൾ വിദ്യാഭ്യാസം തന്നെ തികയ്ക്കാൻ കഴിഞ്ഞിട്ടില്ല. എന്നിട്ടും അവർ സ്വന്തമായി കാർഷിക ഉപയോഗ വസ്തുക്കളുടെ ആ ജില്ലയിലെ ഏറ്റവും വലിയ കട നടത്തുന്നു. ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സ്വന്തം കമ്പനിയുണ്ടാക്കിയിരിക്കുന്നു. ഇനി സ്വന്തമായൊരു ചന്തയുടെ നിർമാണമാണ് അടുത്ത അജണ്ട.

**ധർമപുരി ജില്ലയിലെ കർഷകർക്കിപ്പോൾ ഉൽപന്ന വിപണനത്തിന് സ്വന്തം കമ്പനിയും കാർഷികാവശ്യങ്ങൾക്കു വേണ്ട കടയുമുണ്ട്. സ്വന്തം ചന്ത കൂടിയുണ്ടാക്കുകയാണ് അടുത്ത ലക്ഷ്യം**

ധർമപുരി തുള്ളിയെ പണ്ണൈ വ്യവസായികൾ അഗ്രോ സർവീസ് കമ്പനി ലിമിറ്റഡ് എന്നാണ് പ്രൊഡ്യൂസർ കമ്പനി നിയമമനുസരിച്ചു രജിസ്റ്റർ ചെയ്ത കമ്പനിയുടെ പേര്. 166 കർഷകർ ചേർന്ന് പതിനായിരം രൂപ വീതം മൂലധനമായി നിക്ഷേപിച്ച് ആരംഭിച്ച കമ്പനിയാണിത്. ഇപ്പോൾ ധർമപുരി മേഖലയിലെ പ്രിസിഷൻ കൃഷിയിൽ നിന്നുള്ള പച്ചക്കറികളുടെ വിപണനം നിയന്ത്രിക്കുന്നത് ഈ കമ്പനിയാണ്. റിലയൻസ് അവരുടെ റീട്ടെയിൽ ശൃംഘലയിലേക്കു പച്ചക്കറി സംഭരിക്കാൻ ധർമപുരിയിലെത്തി. ഒരു കിലോ വഴുതിനയ്ക്കു പതിമൂന്നു രൂപ തരുകയാണെങ്കിൽ മാത്രമേ ചരക്കുള്ളൂവെന്നു കമ്പനിയുടെ പ്രസിഡൻറും സെക്രട്ടറിയും തീർത്തു പറഞ്ഞു. അവർ വഴങ്ങി. കച്ചവടവും നടന്നു. ആദിത്യ ബിർള ഗ്രൂപ്പ് പേശി നോക്കി പിൻവാങ്ങിയവരാണ്. വാൾമാർട്ടിൻെറ ഏജൻറുമാരും അരക്കൈ നോക്കാനെത്തി. കർഷകരുടെ കമ്പനി ഏറ്റവുംകൂടുതൽ പച്ചക്കറികൾ വില്കുന്നത് കേരളത്തിലെ കൊച്ചി മാർക്കറ്റിലും ബാംഗളൂരിലെ സഫൽ മാർക്കറ്റിലുമാണ്. നാഷണൽ ഡെയറി ഡവലപ്മെൻറ് ബോർഡ് നേരിട്ടു നടത്തുന്നതാണ് സഫൽ മാർക്കറ്റ്. ഏറ്റവും കൂടുതൽ വില കിട്ടുന്നത് കൊച്ചിയിലും സഫലിലുമാണത്രേ.

കർഷകർക്കാവശ്യമായ കാർഷിക അനുബന്ധ വസ്തുക്കൾ വിപണനം നടത്തുന്നതിന് കമ്പനിക്ക് സ്വന്തമായി ഒരു കടയുമുണ്ട്. പ്രിസിഷൻ കൃഷിക്കാരെല്ലാവരും ഇവിടെ നിന്നു മാത്രമേ സാധനങ്ങൾ വാങ്ങൂ. കാരണം കമ്പനിക്കു ലാഭമൊന്നും വേണ്ട. ആയിനത്തിൽ കിട്ടാവുന്ന പണം കൂടി കർഷകർക്കു ലാഭവീതമായി നല്കുന്നു. അതിനാൽ പുറം വിപണിയെക്കാൾ കനത്ത വിലക്കുറവാണ് ഇവരുടെ കടയിലുള്ളത്. ഇതോടെ മറ്റു വളം, കീടനാശിനി വില്പനക്കാരുടെ കണ്ണിലെ കരടായിട്ടുണ്ടു കർഷകരുടെ കമ്പനി. മാഹികോ, നാംധാരി തുടങ്ങിയ പ്രമുഖ വിത്തു കമ്പനികളുടെയും ജെയിൻ ഇറിഗേഷൻെറയുമൊക്കെ കച്ചവട ഏജൻസിയായി മാറാനും കർഷകരുടെ കടയ്ക്കു കഴിഞ്ഞിട്ടുണ്ട്. കീടനാശിനികളുടെയും വളങ്ങളുടെയും മൊത്ത വിതരണവും ഇവർക്കു തന്നെ. ഇതിലധികമെന്താണു കർഷകർക്കു വേണ്ടത്.



അടുത്തതായി കമ്പനി പ്ലാൻചെയ്യുന്നത് മെഗാ ഉഴവർ ചന്തൈ എന്ന മൊത്ത വിപണി അഥവാ ചന്ത ആരംഭിക്കുന്നതിനാണ്. ഉഴവർ എന്നാൽ കർഷകർ. അവരുടെ ചന്ത ഉഴവർ ചന്തൈ. പണ്ടേ തമിഴ്നാട്ടിൽ ഏതാനും ഉഴവർ ചന്തകൾ പ്രവർത്തിക്കുന്നതാണ്. അതിനാലാണിവർ മെഗാ ഉഴവർചന്തൈ എന്നു പേരിട്ടിരിക്കുന്നത്. ആറു തരത്തിലുള്ള വിപണനമായിരിക്കും ഇവിടെയുണ്ടായിരിക്കുക. മൂന്നോ നാലോ അംഗങ്ങളുള്ള കുടുംബത്തിന് ഒരാഴ്ചത്തേക്കു വേണ്ട പച്ചക്കറികളുടെ കിറ്റ്, ഹോട്ടലുകൾക്കും മറ്റും നുറുക്കിയ പച്ചക്കറികൾ, ഇൻറർനെറ്റും ക്രെഡിറ്റ് കാർഡും മുഖേന ഓൺലൈൻ വിപണനം, സ്കൂളുകൾക്കും കാൻറീനുകൾക്കും മറ്റും മൊത്തം സപ്ലൈ, ബാംഗളൂരിലും ചെന്നൈയിലും സ്വന്തം ചെറുകിട കച്ചവടം, കയറ്റുമതിക്കാർക്ക് ആവശ്യമായ പായ്ക്കിങ്ങിൽ കച്ചവടം എന്നിവ ഒരേ ചന്തയിൽ തന്നെ ചെയ്യാനാണ് ഇവർ ആലോചിക്കുന്നത്.

മൊത്തം എട്ടു കോടി രൂപയാണ് ഇതിനു ചെലവു പ്രതീക്ഷിക്കുന്നത്. രണ്ടായിരം കർഷകർ പതിനായിരം രൂപ വീതം മുഖവിലയുള്ള ഓഹരികളെടുത്ത് രണ്ടു കോടി രൂപ സമാഹരിക്കും കച്ചവടക്കാരുടെ ഓഹരിയായി രണ്ടു കോടി രൂപയും ഗവൺമെൻറിൻെറ ഓഹരിയായ നാലു കോടി രൂപയും കൂടിയാകുമ്പോൾ മൂലധനം സ്വന്തമാക്കാമെന്ന് കമ്പനിയുടെ പ്രസിഡൻറ് പി. എം. ചിന്നസ്വാമിയും സെക്രട്ടറി സി. ഭൂപതിയും കണക്കാക്കുന്നു.

*ഫോൺ. സി. ഭൂപതി: 09942775116*
*കട- 04342-267400*



*കൃത്യമായ ആഴത്തിൽ ഉഴുതു തയാറാക്കിയ കൃഷിയിടം*

# കൊട്ടത്താപ്പില്ലാത്ത കൃഷി

> **ഏകദേശ കണക്കുകളോ പൊതു ശുപാർശകളോ ഇല്ലെന്നതാണ് പ്രിസിഷൻ കൃഷിക്ക് പരമ്പരാഗത കൃഷിയിൽ നിന്നുള്ള പ്രധാന വ്യത്യാസം**

എന്താണു പ്രിസിഷൻ കൃഷി? നമുക്കു പരിചിതമായ പല പ്രയോഗങ്ങളെയുംസങ്കല്പങ്ങളെയും തിരുത്തുന്ന കൃഷിയെന്നു പൊതുവായി പറയാം.

ഉദാഹരണത്തിന് നാം അറിയാതെ പറഞ്ഞു പോകുന്ന ഏതാനും പ്രയോഗങ്ങളാണ് ഒരു പിടി വളം, ഒരു കുട്ട ചാണകം, കുറേ നേരം നന എന്നിവയൊക്കെ. ഒരു പിടിയെന്നാൽ എത്ര ഗ്രാമെന്നോ ഒരുകുട്ടയെന്നാൽ എത്ര കിലോയെന്നോ ആരും തലപുകയ്ക്കാറില്ല. കൊട്ടത്താപ്പിലുള്ള കണക്കെന്ന് നാടൻ വിളിപ്പേരു തന്നെ ഇങ്ങനെ അളവുകൾ നിശ്ചയിക്കുന്നതിനു കൈവന്നിരിക്കുന്നു. പ്രിസിഷൻ കൃഷിയിൽ ഒന്നും കൊട്ടത്താപ്പിലല്ല. ഗ്രാം വരെ കണക്കു പറഞ്ഞ്, സെക്കൻഡിനു വരെ കണക്കു നിശ്ചയിച്ച്... ഇതു തന്നെയാണ് ഏറ്റവും വിശാലമായ അർത്ഥത്തിൽ പ്രിസിഷൻ കൃഷിയുടെ പ്രത്യേകത.

## കുറിപ്പടി കൃഷി

പ്രിസിഷൻ കൃഷിയെ പ്രിസ്ക്രിപ്ഷൻ കൃഷി അഥവാ കുറിപ്പടിക്കൃഷിയെന്നു വിളിക്കുന്നവരുണ്ട്. മരുന്നിൻെറയും മറ്റും കുറിപ്പടി പോലെ മണ്ണിനും വിളയ്ക്കും ഓരോ പ്രദേശത്തും ഓരോ സമയത്തും എന്തു ചെയ്യണമെന്ന കുറിപ്പടി പാലിക്കുന്ന കൃഷിയെന്നാണ് ഈ വിളിയുടെ അർത്ഥം. ഓരോ കൃഷിയിടത്തിൻെറ പ്രശ്നവും ആവശ്യങ്ങളും വ്യത്യസ്തമാണ്. അവയ്ക്കനുസരിച്ചുള്ള പരിഹാര മാർഗങ്ങളും കാർഷിക സങ്കേതങ്ങളുമാണ് പ്രിസിഷൻ കൃഷി ഉദ്ദേശിക്കുന്നത്. ഉപഗ്രഹ സാങ്കേതിക വിദ്യയെയാണ് ഇതിനായി ഏറ്റവുമധികം ആശ്രയിക്കുന്നത്. ഗ്ലോബൽ പൊസിഷൻ സിസ്റ്റം, റിമോട്ട് സെൻസിങ്, ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം തുടങ്ങിയ സങ്കേതങ്ങൾ ഉപഗ്രഹ സാങ്കേതിക വിദ്യയിലൂടെ പ്രയോജനപ്പെടുത്തുന്നു. ഓരോ പ്രദേശത്തിനുമനുസരിച്ച് മണ്ണിൻെറ ഘടനയിലും വളക്കൂറിലുമുള്ള വ്യത്യാസവും ഈർപ്പത്തിൻെറ ലഭ്യതയും വൈദ്യുതചാലകശേഷിയുമൊക്കെ അറിയുന്നതിനു സാധിക്കുന്നത് ഉപഗ്രഹങ്ങളുടെ സഹായത്തോടെയുള്ള റിമോട്ട് സെൻസിങ് വഴിയാണ്. ഓരോ പ്രദേശത്തെയും കാലാവസ്ഥ, മണ്ണിൻ അവസ്ഥ, ജലത്തിൻെറ ലഭ്യത തുടങ്ങിയവയൊക്കെ ഇതേ രീതിയിൽ മനസിലാക്കാൻ സാധിക്കും. തൊട്ടടുത്തുള്ള കൃഷിയിടങ്ങളിൽ പോലും ഇതു വ്യത്യാസപ്പെട്ടിരിക്കും. വിവിധ കാലങ്ങളിലും വ്യത്യാസം സംഭവിക്കും. പ്രിസിഷൻ കൃഷി ഇത്തരം വ്യത്യാസങ്ങൾ പരിഹരിക്കുന്നതു കൊണ്ടാണ് വിജയിക്കുന്നത്.

പരമ്പരാഗത കൃഷിയാകട്ടെ പൊതു ശുപാർശകളെയാണ് എന്നു ആശ്രയിക്കുന്നത്. മലനാട്ടിലേക്ക്, ഇടനാട്ടിലേക്ക്, മണൽപ്രദേശത്തേക്ക് എന്നിങ്ങനെ പൊതുവായ ശുപാർശകൾ മാത്രമാണതിലുള്ളത്. ഓരോ പ്രദേശത്തെയും സൂക്ഷ്മമായ വ്യത്യാസങ്ങളെ കണക്കിലെടുക്കുന്നതേയില്ല. വെള്ളത്തിൻെറയും വളത്തിൻെറയും ഉപയോഗത്തിൻെറ കാര്യത്തിൽ കൃത്യമായ കണക്കും കാര്യവുമൊന്നുമില്ല. ഇവ രണ്ടും ഒന്നുകിൽ കൂടുതലായിരിക്കും, അല്ലെങ്കിൽ കുറവായിരിക്കും.

## തുടക്കം മാപ്പിൽ

ഓരോ വിളയുടെയും മണ്ണിൻെറയും സ്വഭാവത്തിനനുസരിച്ച് ഓരോ പ്രദേശത്തിൻെറയും മാപ്പുകൾ തയാറാക്കിക്കൊണ്ടാണ് പ്രിസിഷൻ കൃഷി തുടങ്ങുന്നത്. വിവിധ ഘടകങ്ങൾക്ക് കൃഷിയിടം തോറുമുള്ള വ്യതിയാനം എത്രയെന്ന് ഈ മാപ്പ് വ്യക്തമാക്കിത്തരും. അതിനുള്ള പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെയാണ് ഈ മാപ്പു തയാറാക്കേണ്ടത്. അതിനാൽ പൂർണമായ തോതിൽ പ്രിസിഷൻ കൃഷി നടത്താൻ ഗവൺമെൻറ് തന്നെ മുൻകൈയെടുക്കേണ്ടതുണ്ട്. തമിഴ്നാട്ടിൽ പോലും അമേരിക്കയിലും ഇസ്രായേലിലും



ഉളിക്കലപ്പ

# പാട്ടി കണ്ട തുള്ളിവിപ്ലവം

## ശാസ്ത്രത്തിനും സാങ്കേതിക വിദ്യയ്ക്കുമപ്പുറം തമിഴ്നാട്ടിലെ സാധാരണ കർഷകർക്കു പ്രിസിഷൻ കൃഷിയുടെ അർഥമെങ്ങനെ

ധർമപുരി ജില്ലയുടെ ആസ്ഥാനപട്ടണത്തിനു ചേർന്നുള്ള ചെറിയൊരു ഗ്രാമം-പെണ്ണഗരം. വഴിവക്കിൽ കണ്ടയൊരു വൃദ്ധയോടു പ്രിസിഷൻ കൃഷിയെപ്പറ്റി ചോദിച്ചു. അറിവു താഴേത്തട്ടിലേക്ക് എത്രമാത്രം എത്തിയെന്നറിയാനുള്ള കൗതുകം.

പാട്ടിയുടെ മറുപടിയിൽ പ്രിസിഷൻകൃഷിയുടെ തമിഴ് പാഠഭേദത്തിൻെറ പ്രധാന കാര്യങ്ങളെല്ലാം വന്നിരിക്കുന്നു. ഉളി കലപ്പൈ, മേട്ടുപ്പാത്തി, അന്ത കറുപ്പു കുഴായി, ഉരന്തണ്ണി, ഇടൈവിടാതെ വിളും തുള്ളി, നിറയെ കത്തിരി, തക്കാളി, വാഴൈ...

ധർമപുരി ജില്ലയിൽ ആറും കൃഷ്ണഗിരി ജില്ലയിൽ അഞ്ചുമായി പതിനൊന്ന് കർഷക അസോസിയേഷനുകളാണ് പ്രിസിഷൻ കൃഷിയുടെ മുന്നണി സൈന്യം. ഏതു കാർഷിക ശാസ്ത്രജ്ഞനുമൊപ്പം നില്ക്കുന്ന രീതിയിൽ ഇവർ പുതിയ രീതികൾ വിശദീകരിച്ചു തരും. പ്രിസിഷൻ കൃഷിയെ ഗ്രാമീണ കർഷകർക്കു മനസിലാകുന്ന രീതിയിൽ പരിവർത്തനപ്പെടുത്തിയിരിക്കുകയാണിവിടെ. പാട്ടിയുടെ വാക്കുകളിൽ നിന്നു തന്നെ തുടങ്ങാം.

മറ്റും ചെയ്യുന്നതു പോലെ ഏറ്റവും ഹൈടെക് പ്രിസിഷൻ കൃഷിയല്ല അനുവർത്തിക്കുന്നത്. പ്രദേശികമായി സാധ്യമാകുന്നത്ര ഘടകങ്ങൾ മാത്രമേ ഇതിലേക്ക് ഉപയോഗിച്ചിട്ടുള്ളൂ.

ഓരോ വിളയുടെയും കൃഷികാലത്ത് കർഷകരും ഗവേഷകരും മണ്ണിൽ നിന്നു നേരിട്ടു ശേഖരിക്കുന്ന വിവരങ്ങൾ കൂടി ഉപഗ്രഹങ്ങളിൽ നിന്നു കിട്ടുന്നവിവരങ്ങളോടു ചേർത്തു വയ്ക്കുമ്പോഴാണ് നൂറു ശതമാനം കിറുകൃത്യമായ ആസൂത്രണം നടക്കുന്നത്. പിന്നീടു കൃഷി പരാജയപ്പെടുന്നതായിരിക്കും വിഷമം. ഉപഗ്രഹത്തിൽ നിന്നുള്ള പഠനവും നേരിട്ടു തോട്ടത്തിൽ തന്നെ നടത്തുന്ന പഠനവും ഒത്തു ചേരുമ്പോൾ പലതരത്തിലുള്ള മാപ്പുകൾ തയാറാക്കുന്നതിനാകുന്നു. ജലസേചനത്തിൻെറ തോതു നിശ്ചയിക്കുന്നതിനൊരു മാപ്പ്, വളമിടലിൻെറ തോതു നിശ്ചയിക്കുന്നതിനൊരു മാപ്പ്, കീടബാധയ്ക്ക് മറ്റൊരു മാപ്പ്, വിളവിൻെറ തോതിനു വേറൊരു മാപ്പ് അങ്ങനെ കൃഷിയുമായി ബന്ധപ്പെട്ട സകല കാര്യത്തിനും ഓരോ തരം മാപ്പു വീതമാകുന്നു. ഇവ തന്നെയായിരിക്കും കൃഷിയുടെ അടിസ്ഥാന ഘടകം.

ഒരിക്കൽ അടിസ്ഥാനപരമായ കാര്യങ്ങൾ നിശ്ചയിച്ചു കഴിഞ്ഞാൽ അവയുടെ പ്രയോഗരീതിക്കായിരിക്കും പിന്നീടു പ്രാധാന്യം. തമിഴ്നാട്ടിലെ പ്രിസിഷൻ കൃഷി പരമ്പരാഗത കൃഷിയിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നത് പ്രയോഗരീതികളിലാണ്. ഇതോടൊപ്പം ഉപഗ്രഹ സാങ്കേതിക വിദ്യ കൂടി പൂർണമായി വന്നിരുന്നെങ്കിൽ എന്താകുമായിരുന്നു വിളവ്.

### ഉളിക്കലപ്പ

ട്രാക്ടർ ഉപയോഗിച്ചു തന്നെയാണ് ഉഴവ്. പക്ഷേ, അതിൻെറ ഉഴവിൻെറ ഭാഗം മാറ്റിയിട്ട് പഴയരീതിയിലുള്ള നുകത്തെ ഓർമിപ്പിക്കുന്ന സംവിധാനം ഉറപ്പിച്ചിരിക്കുന്നു. ഇതിനു തമിഴിൽ പറയുന്ന പേരാണ് ഉളിക്കലപ്പ. രണ്ടടി താഴ്ചയിൽ മണ്ണ് ഉഴുതു മറിക്കാൻ ഇതിനു സാധിക്കുന്നു. സാധാരണയിനം പല്ലുകൾ ഉപയോഗിക്കുമ്പോൾ മണ്ണിൻെറ മേൽഭാഗം മാത്രം ഇളകുകയും പിന്നീടു തറഞ്ഞു പോകുകയും ചെയ്യുന്നതു തടയാൻഇതുവഴി സാധിക്കുന്നു. രണ്ടു വർഷത്തിലൊരിക്കൽ ഉളിക്കലപ്പ ഉപയോഗിച്ച് കൃഷിയിടം നന്നായി ഉഴുതു മറിക്കും. ചെടികൾക്ക് ആഴത്തിൽ വേരോട്ടം കിട്ടാനും മണ്ണിനടിയിൽ വായുസഞ്ചാരം വർധിക്കാനും ഇതു സഹായിക്കും.

### മേട്ടുപ്പാത്തി

ഉയരത്തിൽ വാരം കോരുന്നതിനെയാണ് മേട്ടുപ്പാത്തിയെന്നു വിളിക്കുന്നത്. വാരവും ചാലുമെടുത്താണ് ഇവിടെ കൃഷി മുഴുവൻ ചെയ്യുന്നത്. ഓരോ വാരത്തിനും ഒരടി വീതം ഉയരവും നാലടി വീതിയുമാണുള്ളത്. രണ്ടു വാരങ്ങൾക്കിടയിൽ ഒരടി താഴ്ചയിൽ ചാലുമുണ്ടായിരിക്കും. അതായത് സാധാരണ മൺനിരപ്പിൽ നിന്ന് ഒരടി ഉയർന്ന് വാരവും ഒരടി താഴ്ന്ന് ചാലും. ഒരു വാരത്തിൻെറ മുകളിൽ നിന്നു ചാലിൻെറ ചുവട്ടിലേക്ക് അപ്പോൾ രണ്ടടി ഉയരവ്യത്യാസം വരുന്നു. ഓരോ വാരത്തിലും പച്ചക്കറികളും മറ്റുമാണെങ്കിൽ രണ്ടു നിരയായി കൃഷി. രണ്ടു നിരകൾ



മേട്ടുപ്പാത്തി

ക്കിടയിൽ മൂന്നടി വീതി. വാഴയാണെങ്കിൽ ഒരു വാരത്തിൽ ഒരു നിര മാത്രം.

## കറുപ്പു കുഴായി

നനയ്ക്കുന്നതിനുള്ള വെള്ളം തുള്ളിനന രീതിയിലാണ് നല്കുന്നത്. ഇതിനു വിരൽ വണ്ണമുള്ള കറുപ്പു കുഴായികൾ അഥവാ ട്യൂബുകളാണ് ഉപയോഗിക്കുന്നത്. രണ്ടു കുഴലുകൾ വീതം അടങ്ങുന്നതാണ് ഓരോ ലാറ്ററൽ യൂണിറ്റും. ഇത്തരം രണ്ടു ലാറ്ററൽ യൂണിറ്റുകൾ തമ്മിൽ ഒന്നര മീറ്റർ അകലമുണ്ടായിരിക്കും. ഒരു യൂണിറ്റിലെ രണ്ടു കുഴലുകൾ തമ്മിൽ മൂന്ന് അടി അകലവും. ഒരുവാരത്തിലെ രണ്ടു നിര ചെടികൾക്കും വേണ്ടത്ര വെള്ളം കിട്ടാൻ ഇതുസഹായിക്കും. ഓരോ കുഴലിലും വെള്ളം പുറത്തേക്കെത്താൻ സുഷിരങ്ങളുണ്ട്. ഇതിൽ എമിറ്ററുകൾ പുറമേ ഉറപ്പിച്ചിരിക്കുകയല്ല, പുറമേ കാണാനാവാത്ത രീതിയിൽ ഉള്ളിൽ കടത്തി വച്ചിരിക്കുകയാണ്. ഒരിക്കലും അടഞ്ഞു പോകാത്ത രീതിയിൽ എമിറ്ററുകളും കുഴലുകളും പ്രശസ്തരായ ജെയിൻ ഇറിഗേഷൻ സിസ്റ്റം നിർമിക്കുന്നതാണ്. രണ്ട് എമിറ്ററുകൾക്കിടയിലുള്ള അകലം മൂന്ന് അടി. സദാ സമയവും ഇതിലൂടെ വെള്ളം ഒഴുക്കില്ല. ഓരോ വിളയുടെയും ആവശ്യത്തിനനുസരിച്ച് ദിവസം ഒരു മണിക്കൂർ വരെ മാത്രമേ നനയുള്ളൂ. കടുത്ത ജലക്ഷാമം നേരിടുന്ന ധർമപുരി പ്രദേശത്ത് പ്രിസിഷൻ കൃഷി വിജയിച്ചതും വെള്ളത്തിൻെറ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞതു കൊണ്ടാണ്.

## ഉരന്തണ്ണി


വളം അഥവാ ഉരവും വെള്ളം അഥവാ തണ്ണിയും ഒന്നിച്ചു വരുന്നതാണ് ഉരന്തണ്ണി. തുള്ളിനനയുടെ മെയിൻ പൈപ്പ് തുടങ്ങുന്നിടത്തു തന്നെ വെള്ളം അരിച്ചു വിടുന്നതി നുള്ള ഫിൽറ്റർ യൂണിറ്റ് ഉറപ്പിച്ചിരിക്കും. ഇതിനോടു ചേർന്നു തന്നെയാണ് വളം കലക്കുന്നതിനുള്ള മിക്സിങ് യൂണിറ്റിനും സ്ഥാനം. സാധാരണ വളങ്ങളല്ല ഉപയോഗിക്കുന്നത്. ഇസ്രായേലിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പ്രത്യേകതരം വളങ്ങളാണ്. ഇവ പൂർണമായി വെള്ളത്തിൽ അലിഞ്ഞു ചേരുന്നവയാണ്. പ്രധാനമായും രണ്ടിനം വളങ്ങളാണ്. എൻപികെ 19:19:19, മൾട്ടി കെ എന്ന പേരിൽ അറിയപ്പെടുന്ന 13-0-45. ഇതിൽ ഒന്നാമത്തേത് ഒരേക്കറിന് ഒരുകിലോയും രണ്ടാമത്തേത് മൂന്നു കിലോയും മതിയാകും. ചെടിയുടെ വളർച്ച നോക്കിയാണ് എത്ര ദിവസത്തിലൊരിക്കൽ വളമിടണമെന്നു നിശ്ചയിക്കുന്നത്. സൂക്ഷ്മമൂലകങ്ങൾ വേണ്ടത്ര കിട്ടാൻ ഇവയ്ക്കു പുറമെ മിക്നെൽഫ് എന്ന പേരിലുള്ള വളവും നേരിയ തോതിൽ കൊടുക്കും. ഇസ്രായേലിലെ ഹൈഫ കെമിക്കത്സ് എന്ന സ്ഥാപനമാണ് വളത്തിൻെറ നിർമാതാക്കൾ. ഒരുചെടിക്ക് കൃത്യം ആവശ്യമായ തോതിൽ ആവശ്യമായ സമയത്തു മാത്രം വളവും വെള്ളവും വേരിൻെറ ഭാഗത്തു മാത്രം കിട്ടുന്നു എന്നതാണിതിൻെറ മെച്ചം. പരമ്പരാഗത നനരീതിയെക്കാൾ നേർപകുതി വെള്ളം ലാഭം.

## നിറയെ കത്തിരി

പാട്ടി നിറയെ കത്തിരി, തക്കാളി... എന്നു മാത്രം പറഞ്ഞു നിർത്തുന്നു. അതിൻെറ തമിഴ്നാട് കാർഷിക സർവകലാശാല ശേഖരിച്ച കണക്കുകളിതാ.

| ഇനം | വിളവ് ടൺ/ഹെക്ടർ | | വർധന% |
|---|---|---|---|
| | ദേശീയ ശരാശരി | പ്രിസിഷൻ വിളവ് | |
| തക്കാളി | 17.35 | 150 | 764.55 |
| മുളക് | 12.02 | 35 | 191.18 |
| വഴുതിന | 10.46 | 150 | 1334.03 |
| വെണ്ട | 6.28 | 16 | 154.78 |
| മരച്ചീനി | 25.52 | 52 | 103.76 |
| മഞ്ഞൾ | 4.95 | 9 | 81.81 |
| കരിമ്പ് | 80-100 | 250 | 177.77 |
| പരുത്തി | 15-20(ക്വിൻറൽ) | 30 (ക്വിൻറൽ) | 111.43 |
| തണ്ണിമത്തൻ | 12.71 | 60 | 372.06 |
| തൈക്കുമ്പളം | 21.95 | 40 | 82.23 |
| ഉള്ളി | 11.32 | 21 | 85.51 |
| വാഴ | 28.58 | 110 | 284.88 |
| കാബേജ് | 14.38 | 120 | 734.49 |
| കോളിഫ്ളവർ | 14.22 | 33 | 132.06 |
| മത്തൻ | 11.91 | 50 | 319.81 |
| പാവൽ | 6.23 | 15 | 140.77 |
| പീച്ചിൽ | 15.85 | 34 | 114.51 |
| ചുരയ്ക്ക | 12.21 | 66 | 440.54 |
| വെള്ളരി | 6.48 | 20 | 208.64 |
| ബീൻസ് | 5.8 | 12 | 106.89 |
| ബീറ്റ്റൂട്ട് | 16.75 | 35 | 108.95 |
| റോസ് | 10 ലക്ഷം തണ്ട് | 25 ലക്ഷം തണ്ട് | 150.00 |
| ബന്തി | 10 | 25 | 150.00 |
| ക്രിസാന്തമം | 8-15 | 25 | 117.39 |

*വെള്ളവും വളവും യോജിപ്പിക്കുന്ന വിധം*



## ചുരുക്കെഴുത്തുകൾ

പ്രിസിഷൻ കൃഷിയിൽ അതിനൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുമ്പോൾ സാധാരണയായി ഉപയോഗിക്കാറുള്ള മൂന്നു ചുരുക്കെഴുത്തുകളാണ് ആർഎസ്, ജിപിഎസ്, ജിഐഎസ് എന്നിവ. ജിപിഎസ് എന്നാൽ ഗ്ലോബൽ പൊസിഷൻ സിസ്റ്റം-ഒരു പ്രത്യേക ഭൂഭാഗമോ കൃഷിയിടമോ ഉപഗ്രഹസഹായത്താൽ വേർതിരിച്ചു പഠനവിഷയമാക്കുന്നത്. ആർഎസ് എന്നാൽ റിമോട്ട് സെൻസിങ്-ആ പ്രദേശത്തെ വിവിധ കാര്യങ്ങൾ ഉപഗ്രഹം ശേഖരിക്കുന്നത്. ജിഐഎസ് എന്നാൽ ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം -ഉപഗ്രഹത്തിൽനിന്നു ലഭിക്കുന്ന അറിവുകൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കാവുന്ന രീതിയിലാക്കി കൈമാറുന്നത്.



*തക്കാളി വിപണനത്തിനു പായ്ക്കു ചെയ്യുന്നു*


വിത്തുകളാണ് പണ്ടുമുതലേ ഉപയോഗിക്കുന്നത്. അതേ രീതി തന്നെ ഇന്നും തുടരുന്നു. പച്ചക്കറിക്ക് പ്രധാനമായും ഉപയോഗിക്കുന്നത് നാംധാരി, മാഹികോ, യുഎസ് സീഡ്സ് എന്നിവരുടെ വിത്തുകളാണ്. കേരളത്തിൽ സങ്കരയിനം വിത്തുകളാണ് ഉപയോഗിക്കുന്നതെങ്കിൽ തമിഴ്നാട്ടിൽ സങ്കരവിത്തുകളാണ്. ഇതു തമ്മിലുള്ള വ്യത്യാസം സങ്കരയിനമാകുമ്പോൾ സങ്കരണം കഴിഞ്ഞ് ഏഴെട്ടു തലമുറയ്ക്കു ശേഷമുള്ള വിത്ത്. സങ്കരവിത്താകുമ്പോൾ സങ്കരണം കഴിഞ്ഞുള്ള ഒന്നാം തലമുറ വിത്ത്. ഇതിന് സങ്കരവീര്യം എന്ന ഹൈബ്രിഡ് വിഗർ ഏറ്റവും കൂടുതലായിരിക്കും. അതിന്റെ വിത്ത് വീണ്ടും ഉപയോഗിച്ചാൽ ആ ഗുണം കിട്ടണമെന്നുമില്ല. പ്രിസിഷൻ കൃഷിയിലും സങ്കരവിത്തുകൾ തന്നെയാണ് ഉപയോഗിക്കുന്നതിലേറെയും.

## തൈയുണ്ടാക്കൽ

ഓരോ കൃഷിക്കാരനും സ്വന്തം ആവശ്യത്തിനു വേണ്ട തൈകൾ ഉൽപാദിപ്പിക്കുകയല്ല. പതിനൊന്ന് അസോസിയേഷനുകളുണ്ടെന്ന് പറഞ്ഞല്ലോ. ഓരോ അസോസിയേഷനും എല്ലാ അംഗകർഷകർക്കും വേണ്ടിയുള്ള തൈകൾ ഉൽപാദിപ്പിക്കുകയാണ്. വിലപിടിച്ച വിത്തുകളായതിനാൽ ഒന്നു പോലും പാഴാകാതെയാണ് തൈയുൽപാദനം. പോർട്രേ എന്ന തട്ടങ്ങളിൽ ഒരു തൈ മാത്രം വളരുന്ന കുഴികളുണ്ട്. അതിൽ വെർമികമ്പോസ്റ്റും ചകിരിച്ചോറും നിറച്ച് ഓരോ വിത്തു വീതം പാകും. അതു വളരുമ്പോൾ വളർച്ചാമാധ്യമം സഹിതം ഇളക്കിയെടുത്ത് കൃഷിയിടത്തിൽവളർത്തും. പൊതു നഴ്സറികൾ പൂർണമായി പോളിഹൗസുകളിലാണ്. മുടൽ മഞ്ഞുപോലെ വെള്ളം വീഴ്ത്തി താപനില നിയന്ത്രിച്ചു നിർത്തിയിരിക്കുകയാണ് പോളിഹൗസുകളിൽ.

## നിലമൊരുക്കൽ

ഉളിക്കലപ്പയ്ക്ക് താഴ്ത്തി ഉഴവ് നടത്തുന്നത് മണ്ണൊരുക്കലിന്റെ ഒന്നാമത്തെ പടി. നാലു തരത്തിലുള്ള വളങ്ങളാണ് കൃഷിയിൽ ഉപയോഗിക്കുന്നത്. നേർവളങ്ങൾ(യൂറിയ, പൊട്ടാഷ്), ജൈവവളങ്ങൾ(കാലിവളം, കോഴിവളം,വെർമികമ്പോസ്റ്റ്), ജീവാണുവളങ്ങൾ(ട്രൈക്കോഡെർമ), വെള്ളത്തിൽ അലിയുന്ന വളങ്ങൾ (19-19-19, മൾട്ടി കെ.). ചെടിയുടെ വളർച്ചയുടെ നാലു ഘട്ടങ്ങളിലാണ് വളങ്ങൾ കൊടുക്കുന്നത്.



*മണ്ണൊരുക്കി തൈകൾ നട്ട കൃഷിയിടം*

വേരുറയ്ക്കൽ ഘട്ടം (10-15 ദിവസം), വളർച്ചാ ഘട്ടം (45 ദിവസം വരെ), പൂവിടൽ ഘട്ടം, വിളവെടുപ്പ് ഘട്ടം. ഓരോ ഘട്ടത്തിനും ആവശ്യമായ രീതിയിൽ വളമിടലിന്റെ കൃത്യമായ കണക്കു തയാറാക്കി നല്കിയിരിക്കുന്നത് കാർഷിക സർവകലാശാലയിലെ ഗവേഷകരാണ്. ആ കണക്കുകൾ കടുകിടയ്ക്കു തെറ്റില്ല. അതുകൊണ്ടാണല്ലോ ഇതിനെ കിറുകൃത്യകൃഷിയെന്നു വിളിക്കുന്നത്.

## റിമോട്ട് സെൻസിങ്

പരിമിതമായ തോതിലാണെങ്കിലും ഉപഗ്രഹ സാങ്കേതിക വിദ്യയും ഇവിടെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ മാപ്പും മണ്ണിന്റെ ഘടനയുടെ മാപ്പും ഭൂവിനിയോഗത്തിന്റെ മാപ്പുമൊക്കെ തയാറാക്കിയത് ഉപഗ്രഹത്തിന്റെ സഹായത്തോടെയാണ്. വേറെ സർവേ കൂടാതെ കൃഷിയിടത്തിന്റെ വിസ്തൃതി കണ്ടെത്താൻ കഴിഞ്ഞതും ഉപഗ്രഹസഹായത്തോടെയാണ്.

## വിപണി

തമിഴ്നാട്ടിലെ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നത്തിനു വിപണി തേടി ഒരിക്കലും അലയേണ്ടതായി വരാറില്ല. കേരളം തന്നെ ഏറ്റവും വലിയ വിപണി. മൊത്തം വിളവിന്റെ പകുതിയിലധികവും നേരേ കൊച്ചി വിപണിയിലേക്കു പോരുകയാണ്. ഏറ്റവും മുന്തിയ ഗുണമേന്മയുള്ളവ ബാംഗളൂരിലെ സഫൽ മാർക്കറ്റിലും മറ്റും കൂടിയ വിലയ്ക്കു ചെലവാകും. ശേഷിക്കുന്നതു തമിഴ്നാട്ടിൽ തന്നെ പ്രാദേശികമായും വിപണി കണ്ടെത്തും. കൂട്ടായി വിലപേശിയാണ് വിപണനം. അസോസിയേഷനുകൾ അക്കാര്യം നോക്കിക്കൊള്ളും. പോരെങ്കിൽ ഇപ്പോൾ ധർമപുരിയിൽ കർഷകരുടെ സ്വന്തം പ്രൊഡ്യൂസർ കമ്പനിയും നിലവിൽ വന്നു കഴിഞ്ഞു.

## പാട്ടി പറയാത്തവ

വെറുതേക്കാരിയുടെ വിജ്ഞാനമാണ് പാട്ടിയുടെ വാക്കുകളിലുണ്ടായിരുന്നത്. അവർ ഒരിക്കലുംകൃഷി നടത്തുന്നയാളല്ല. വിത്ത്, നിലമൊരുക്കൽ, തൈയുണ്ടാക്കൽ, സംഘശക്തി എന്നിങ്ങനെ പാട്ടിയുടെ അറിവിന്റെ പരിധിക്കു പുറത്തുള്ള കാര്യങ്ങൾ അനവധിയാണ്. അവയുമൊന്നു പരിചയപ്പെടാം.

## ഇനങ്ങൾ


തമിഴ്നാട്ടിലെ പച്ചക്കറികർഷകർ ഒരിക്കലും കേരളത്തിലെ കർഷകരെപോലെയല്ല. ഇവിടെ വിത്തെന്നാൽ ഒന്നുകിൽ മണ്ണുത്തി വിത്ത്, അല്ലെങ്കിൽ വിഎഫ്പിസികെ വിത്ത്. അതു തന്നെവെറുതെ കിട്ടുമെങ്കിൽ പെരിയ സന്തോഷം. തമിഴരാകട്ടെ കിലോയ്ക്ക് പതിനായിരം രൂപ മുതൽ മുകളിലേക്ക് വില നല്കി സ്വകാര്യ വിത്തുൽപാദകരുടെ സങ്കരയിനം



*പോർട്രേകളിൽ വളരുന്ന തൈകൾ*

# കടക്കെണി പഴങ്കഥ

**തമിഴ്നാട് കാർഷിക സർവകലാശാലയോ തമിഴ്നാട് കൃഷി വകുപ്പോ അല്ല യഥാർത്ഥത്തിൽ പ്രിസിഷൻകൃഷിയെ വിജയിപ്പിച്ചത്. അതിനുള്ള ബഹുമതി അർഹിക്കുന്നത് ഗ്രാമീണ കർഷകരാണ്. അവരിൽചിലരെ പരിചയപ്പെടുക.**



*പി. രാമറെഡ്ഡി*

തമിഴ്നാടിനുള്ളിലെ തെലുങ്കാനയാണ് കൃഷ്ണഗിരി ജില്ലയിലെ ഡെങ്കനിക്കോട്ട താലൂക്ക്. ആന്ധ്രപ്രദേശിൽ നിന്നു കുടിയേറിയെത്തി തമിഴ്നാട്ടുകാരായതാണ് ഇവർ. ഇന്നും തെലുങ്കു മാത്രമാണിവരുടെ സംസാര ഭാഷ.

നാല്പതു വർഷം മുമ്പ് ബിരുദമെടുത്ത ശേഷം കൃഷിയിലേക്കിറങ്ങിയതാണ് പി. രാമറെഡ്ഡി. പക്ഷേ, കൃഷി തുടക്കത്തിൽ ലാഭമായിരുന്നെങ്കിലും പിന്നീട് നഷ്ടം മാത്രമാണ് വിളഞ്ഞത്. അഞ്ചേക്കറിലെ കൃഷി കൊണ്ട് ആറു ലക്ഷംരൂപയുടെ കടമുണ്ടായിരുന്നപ്പോഴാണ് 2004-ൽ പ്രിസിഷൻ കൃഷിയിലേക്കിറങ്ങുന്നത്. മൂന്നു വർഷം കൊണ്ട് കടങ്ങൾ മുഴുവൻ വീട്ടിത്തീർത്തു. ഇപ്പോൾ അഞ്ചു ലക്ഷം രൂപയുടെ ബാങ്ക് ബാലൻസ്. എല്ലാം പ്രിസിഷൻ കൃഷി തന്നതാണെന്ന് ഇംഗ്ലീഷും തമിഴും തെലുങ്കും കന്നടയും അനായാസം സംസാരിക്കുന്ന രാമറെഡ്ഡി പറയുന്നു. ഇദ്ദേഹത്തിനൊപ്പം അമ്പതു കർഷകരാണ് സരഗപ്പള്ളി ഗ്രാമത്തിൽ പ്രിസിഷൻ കൃഷിയിലുള്ളത്.

കാബേജും കോളിഫ്ലവറും തക്കാളിയും മുളകും ബീൻസുമടക്കം ഇരുപത്തഞ്ചിനം പച്ചക്കറികളും ഗ്രാൻഡ് നെയിൻ വാഴയും ഡച്ച് റോസ്, ബന്തി, ക്രിസാന്തിമം തുടങ്ങിയ പൂക്കളുമാണ് ഇദ്ദേഹത്തിൻെറ കൃഷി. കൃഷ്ണഗിരിയിൽ പ്രിസിഷൻ കൃഷിയുടെ എല്ലാമെല്ലാമാണ് ഈ അമ്പത്തേഴുകാരൻ. പുതിയ കാർഷിക സമ്പ്രദായം സംബന്ധിച്ച് ഏറ്റവും ശാസ്ത്രീയമായി പഠിച്ച കർഷകനും ഇതിൻെറ പ്രചാരകനുമെല്ലാമെന്ന് റെഡ്ഡിയെ വിളിക്കാം.

പ്രിസിഷൻകൃഷി റെഡ്ഡിയുടെ വാക്കുകളിൽ: ഏറ്റവുമധികം വിളവ്, ഏറ്റവുംകുറച്ചുവിഷം, ഏറ്റവുമധികം ആദായം-ഇതിനുള്ള ഏക മാർഗമാണിത്. ഏറ്റവും കുറച്ചു വിഷം എന്നതു കൊണ്ട് ഇതൊരു ജൈവകൃഷി രീതിയാണെന്നു തെറ്റിദ്ധരിക്കരുത്. പരമ്പരാഗത കൃഷിയെക്കാൾ വളരെകുറഞ്ഞയളവിൽ വളരെ കുറച്ചു തവണ മാത്രമേ വിഷം തളിക്കാറുള്ളൂ. അതിനാൽ പൊതുവേ വിഷമില്ലാത്ത പച്ചക്കറികളാണ് പ്രിസിഷൻകൃഷിയിൽ നിന്നു വിപണിയിലെത്തുന്നത്.

നിലമൊരുക്കുന്നതിലാണ് പ്രിസിഷൻ കൃഷി വ്യത്യാസപ്പെട്ടിരിക്കുന്നത്. താഴ്ത്തി ഉഴവു നടത്തുന്നു, ജൈവവളങ്ങളും ജീവാണുവളങ്ങളും മണ്ണിൽ ചേർക്കുന്നു, ഉയരത്തിൽ തടമെടുത്ത് കൃഷി ചെയ്യുന്നു. ചെടികൾക്ക് ആഴത്തിൽ വേരോട്ടവും കരുത്തോടെയുള്ള വളർച്ചയും കിട്ടുമെന്നതാണിതിൻെറ മെച്ചം. തുള്ളിനനയും വെള്ളത്തിനൊപ്പം വളവുമാണ് മറ്റൊരു പ്രത്യേകത. വെള്ളം ലാഭിക്കുന്നതിനു പുറമെ കളകളുടെ വളർച്ച തീരെ കുറയുകയും ചെയ്യുന്നു. പണ്ടു രാമറെഡ്ഡിക്ക് കളയെടുപ്പിനു മാത്രം അറുപതു പണിക്കാരെ വരെ നിയോഗിക്കേണ്ടി വന്നിരുന്നിടത്ത് ഇപ്പോഴാകട്ടെ പത്തു പേർതന്നെ ധാരാളം. ഈയിനത്തിൽ ലാഭം ആറായിരം രൂപ. പണ്ടൊക്കെ നനയ്ക്കുമ്പോൾ വെള്ളം തിരിച്ചു വിടാനായി മാത്രം മൂന്ന് ആണാളിനെ നിർത്തേണ്ടിയിരുന്നതാണ്. ഇപ്പോഴാകട്ടെ വെള്ളം തിരിച്ചു വിടുക എന്നാൽ ഒരു ഭാഗത്തേക്കുള്ള ഗേറ്റ്വേ വാൽവ് പൂട്ടി മറ്റൊരു ഭാഗത്തേക്കുള്ളതു തുറക്കുക എന്നതു മാത്രമാണ്. പണ്ടൊക്കെ 24 മണിക്കൂറും മോട്ടോർ പ്രവർത്തിപ്പിച്ചാലാണ് നന തീർന്നിരുന്നത്. ഇപ്പോൾപരമാവധി എട്ടു മണിക്കൂർ പ്രവർത്തിപ്പിച്ചാൽ മതി.

പണ്ടൊക്കെ എന്തെങ്കിലും ഉൽപാദിപ്പിച്ച ശേഷമാണ് രാമറെഡ്ഡിയും കൂട്ടുകാരുംവിപണി അന്വേഷിച്ചിരുന്നത്. ഇപ്പോഴാകട്ടെ വിപണി തേടിയ ശേഷം മാത്രം കൃഷി ചെയ്യുന്നു. അതിൻെറ ഫലമായി നവംബർ, ഡിസംബർ മാസങ്ങളിൽ തക്കാളി കൃഷിയിറക്കുന്നതു പൂർണമായി നിർത്തിയിരിക്കുന്നു. കാരണം അതു വിളവെടുക്കുന്ന മാർച്ച് ഏപ്രിൽ മാസങ്ങളിലാണ് തക്കാളിക്ക് ഏറ്റവും വിലക്കുറവ്.

വളവും കീടനാശിനികളും വാരിവലിച്ച് ഇടുന്നതിനു പകരം അവയുടെ കാര്യക്ഷമമായ ഉപയോഗത്തിലേക്കു തിരിഞ്ഞിരിക്കുന്നു. നേർവളങ്ങളും ജൈവവളങ്ങളും ജീവാണുവളങ്ങളും വെള്ളത്തിൽ ലയിക്കുന്ന വളങ്ങളും ചേരുംപടി ചേർത്തുപയോഗിക്കുകയാണിപ്പോൾ. കീടനാശിനികളുടെ കാര്യവും ഇങ്ങനെ തന്നെ. മുമ്പ് കാബേജിന് അഞ്ചു ദിവസത്തിലൊരിക്കൽ വിഷമടിച്ചിരുന്നതാണ്. ഇപ്പോഴാകട്ടെ

**ആറുലക്ഷം രൂപയുടെ കടത്തിൽ നിന്ന് അഞ്ചു ലക്ഷത്തിൻെറ സമ്പാദ്യത്തിലേക്കുള്ള വളർച്ച**

## രണ്ടിനം ഒറ്റമൂലികൾ

കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരേ രാമറെഡ്ഡിക്ക് ഏറ്റവും ഫലപ്രദമെന്നു ബോധ്യപ്പെട്ടിരിക്കുന്ന രണ്ടു ജൈവകൂട്ടുകളിതാ.

**കീടനാശിനി:** ഒരു കിലോഗ്രാംവീതം ഇഞ്ചി, വെളുത്തുള്ളി, കാന്താരി എന്നിവ അരച്ച് അഞ്ചു ലിറ്റർ ഗോമൂത്രവുമായി ചേർത്ത് കുഴമ്പാക്കുക. ഇതു രണ്ടു ദിവസം സൂക്ഷിക്കുക. അതിനു ശേഷം ഒരു ലീറ്റർ വെള്ളത്തിനു അഞ്ച് മില്ലി ലീറ്റർ എന്ന തോതിൽനേർപ്പിച്ച് തളിച്ചു കൊടുക്കുക.

**രോഗങ്ങളിൽ രക്ഷയ്ക്ക്:** 200 മില്ലി ലീറ്റർ ദ്രാവക സ്യൂഡോമൊണാസ്, അഞ്ഞുറു ഗ്രാം ഗ്ലൂക്കോസ് പൊടി എന്നിവ പത്തു ലീറ്റർവെള്ളത്തിൽ ചേർത്ത് ഒരു ദിവസം സൂക്ഷിക്കുക. പിറ്റേന്നു രാവിലെ ഇതിനോടൊപ്പം രണ്ടു ലീറ്റർ ശുദ്ധമായ പശുവിൻ പാൽ കൂടി ചേർക്കുക. അതിനു ശേഷം 200 ലീറ്റർ വെള്ളം ചേർത്ത് നേർപ്പിച്ച് നന്നായി തളിച്ചു കൊടുക്കുക. തികച്ചും ഫലപ്രദം.

# ചിന്നസ്വാമി ഇനി 'പെരിയ തലൈവർ'



പി. എം. ചിന്നസ്വാമി കൃഷിയിടത്തിൽ

**പണ്ടു വെറുമൊരു നാടൻ കർഷകൻ. ഇന്നു കമ്പനി പ്രസിഡൻറ്. പ്രിസിഷൻ കൃഷിയിലൂടെ ചിന്നസ്വാമിയുടെ വളർച്ച ഇങ്ങനെ**

വെറുമൊരു സാധാരണ കർഷകൻെറ ജീവിതത്തിൽ പ്രിസിഷൻ കൃഷി ഏതളവു വരെ മാറ്റത്തിനു കാരണമാകുമെന്നറിയണമെങ്കിൽ മുത്തുകൗണ്ടർ കോട്ടയിലെ പി. എം. ചിന്നസ്വാമിയുടെ ജീവിതം പഠനവിഷയമാക്കണം.

ഈ നാല്പത്തിരണ്ടുവയസുകാരൻ സ്കൂൾ വിദ്യാഭ്യാസം തന്നെ ശരിയാംവിധം പൂർത്തിയാക്കിയിട്ടില്ല. പഠനത്തിനൊപ്പം തന്നെകൃഷിയും തുടങ്ങി പിന്നീടതിൽ ഉറച്ചു പോയതാണ്. ആകെകൂടി അഞ്ചേക്കറിൽ കൃഷി. ഇപ്പോൾ സഞ്ചരിക്കുന്നത് പുതുപുത്തൻ സ്കോർപിയോ കാറിൽ. അല്ലെങ്കിൽ പുതുമ മാറാത്ത ബുള്ളറ്റ് ബൈക്കിൽ. അടുത്തയിടെ സ്കോർപിയോ വാങ്ങിയ ഒമ്പതു കർഷകരാണ് ഈ ഗ്രാമത്തിൽ തന്നെയുള്ളത്. ചിന്നസ്വാമിയാണ് പ്രിസിഷൻ കർഷകരുടെ സ്വന്തം പ്രൊഡ്യൂസർ കമ്പനിയുടെ പ്രസിഡൻറ്. തമിഴ് അല്ലാതെ ഒരു ഭാഷയും അറിയില്ലെങ്കിലും റിലയൻസിൻെറയും ആദിത്യബിർള ഗ്രൂപ്പിൻെറയും സഫൽ മാർക്കറ്റിൻെറയും എക്സിക്യൂട്ടീവുമാരോട് ഇഞ്ചോടിഞ്ച് പേശിയുംവിലപേശിയും പിടിച്ചു നില്ക്കുന്നു. വിത്ത്, വളം, കീടനാശിനി തുടങ്ങിയവയുടെ വിപണിയിലെ കൊള്ള അവസാനിപ്പിക്കാൻ ഇദ്ദേഹത്തിൻെറ കമ്പനി ധർമപുരിയിൽ കർഷകരുടെ സ്വന്തം കട നടത്തുന്നു. മറ്റൊരു കർഷകനായ സി. ഭൂപതിയാണ് കമ്പനിയുടെ സെക്രട്ടറി.

രാമറെഡ്ഡി കൃഷ്ണഗിരിയുടെ ശാസ്ത്രജ്ഞനായതുപോലെ ചിന്നസ്വാമിയാണ് ധർമപുരിയുടെ ശാസ്ത്രജ്ഞൻ. മറ്റു കർഷകരെ പ്രിസിഷൻ കൃഷി പഠിപ്പിക്കുന്നത് ഇദ്ദേഹമാണ്. ഡോ. വടിവേൽ ധർമപുരിയിൽ വന്നിറങ്ങിയ അന്നുമുതൽ അദ്ദേഹത്തിൻെറ വലംകൈയാണ് ചിന്നസ്വാമി.

ഇദ്ദേഹത്തോടൊരു ചോദ്യം: എന്തിനാണ് പ്രിസിഷൻ കൃഷി ചെയ്യുന്നത്. ഒരുനിമിഷം വൈകിയില്ല ഉത്തരമെത്താൻ. ലാഭം കിട്ടാൻ. അങ്ങനെയെങ്കിൽ ലാഭം കിട്ടുന്നതിനു കഞ്ചാവും കൃഷി ചെയ്യുമോ. അടുത്ത ചോദ്യം. ഗവൺമെൻറ് അനുവദിച്ചാൽ ചെയ്യും-ഉത്തരം. കൃഷിയാണ്

## കരൈ വേട്ടി കെട്ടിയാൽ


പ്രിസിഷൻ കർഷകരുടെ കമ്പനിയിൽ രാഷ്ട്രീയം കടന്നു വരില്ലേ എന്നു ചിന്നസ്വാമിയോടു ചോദിച്ചാൽ ഉത്തരം നാവിൻ തുമ്പത്തു തയാറാണ് . പലരോട് ഇതിനകം പറഞ്ഞു കഴിഞ്ഞ ഉത്തരമാണെന്നു സ്പഷ്ടം. അതൊരു ഉത്തരമെന്നതിലുപരി ഉത്തരവാണ്. കരൈ വേട്ടി കെട്ടിയ വ്യവസായികൾ അസോസിയേഷൻ കൂട്ടത്തിരുക്കുവരക്കൂടാത്. കരയുള്ള മുണ്ടുടുത്തവർ അസോസിയേഷൻ യോഗത്തിനു വരാൻ പാടില്ലെന്ന് അതിൻെറ അർത്ഥം. വോട്ടുപിടിക്കാൻ ജനങ്ങൾക്കു മുണ്ടു കൊടുക്കുന്നതു തമിഴ്നാട്ടിലെ രീതിയാണ്. ഡിഎംകെ കൊടുക്കുന്ന മുണ്ടുകൾക്ക് ചുവപ്പു കറുപ്പും നിറങ്ങൾ ചേർന്നു വരുന്ന കരയായിരിക്കും. എഐഎഡിഎംകെ കൊടുക്കുന്ന മുണ്ടുകൾക്ക് ചുവപ്പും കറുപ്പും വരകൾക്കിടയിൽ ഒരു വെളുത്ത വര കൂടി കാണും. ഇതു നോക്കിയാണ് ഒരാളുടെ രാഷ്ട്രീയം തമിഴർ തിരിച്ചറിയുന്നത്. പക്ഷേ, രണ്ടു മുണ്ടിനും പ്രിസിഷൻ ഫാമിങ് അസോസിയേഷനിൽ പ്രവേശനമില്ല.

---

ആകെ കൂടി നാലു തവണ മാത്രമാണ് വിഷമടിക്കുന്നത്. തക്കാളിക്ക് പണ്ട് ഏറ്റവുംവലിയ പ്രശ്നമായിരുന്ന അമേരിക്കൻ ബോൾ പുഴുവിനെ ഇപ്പോൾ കാണാനേയില്ല. പ്രതിരോധമായുള്ള മരുന്നടിയും ശുചിയായ ചുറ്റുപാടുകളും കുറഞ്ഞ ഈർപ്പവും ജൈവ കീടനാശിനികളും ഒത്തുചേർന്നപ്പോൾ റെഡ്ഡിക്ക് രാസകീടനാശിനികളിലാണ് ഏറ്റവും ലാഭം വരുത്താൻ സാധിച്ചത്.

ഇതൊക്കെയാണെങ്കിലും എന്തെങ്കിലും സംശയം തോന്നിയാൽ കോയമ്പത്തൂരിൽ ഡോ. വടിവേലിൻെറ നമ്പറിലേക്ക് ഉടൻ വിളിക്കുകയായി. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ എപ്പോൾ വേണമെങ്കിലും വിളിക്കാവുന്ന ഒരു ബന്ധുവിനെ കിട്ടിയിരിക്കുന്ന ഭാവമാണ് ഡോ. വടിവേലിനെ വിളിക്കുമ്പോൾ റെഡ്ഡിയുൾപ്പെടെയുള്ള കർഷകർക്ക്.

*ഫോൺ: 09789662957, 04347-294158*



എം. സുബ്രമണിയൻ തക്കാളിത്തോട്ടത്തിൽ

# പന്ത്രണ്ടേക്കറിൽ ഒറ്റയാൾ പയറ്റ്

**ജലക്ഷാമവും തൊഴിലാളി ക്ഷാമവും മൂലം കൃഷി ഉപേക്ഷിക്കാൻ തയാറെടുത്തിരുന്ന സുബ്രമണിയന് ഇപ്പോൾ ഏക്കറൊന്നിനു രണ്ടുലക്ഷം രൂപ ആദായം**

ധർമപുരി ജില്ലയിലെ പാളയം പുത്തൂരിലെ കർഷകനായ എം. സുബ്രമണിയൻ മറ്റു കർഷകരിൽ നിന്നു വ്യത്യസ്തനായിരിക്കുന്നത് നടീലും വിളവെടുപ്പും ഒഴികെ മറ്റു ജോലികളെല്ലം തന്നത്താൻചെയ്തുകൊണ്ടാണ്. പഴയ ബി. ഏക്കാരാനായ ഇദ്ദേഹം വില്ലേജ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്ന തമിഴ്നാട്ടിലെ വില്ലേജ് ഓഫീസറായി ജോലി ചെയ്തിരുന്നതാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാനായി ജോലി രാജിവച്ചു. പതിനാലു വർഷം ബ്ലോക്ക് പഞ്ചായത്ത് ചെയർമാനായി സേവനമനുഷ്ഠിച്ചതിനു ശേഷം രാഷ്ട്രീയം ഉപേക്ഷിച്ച് കൃഷിയിലേക്കിറങ്ങുകയായിരുന്നു.

പന്ത്രണ്ടരയേക്കർ സ്ഥലം കൃഷി ചെയ്യാനുണ്ടായിരുന്നെങ്കിലും തൊഴിലാളികളുടെ ക്ഷാമവും വെള്ളത്തിൻെറ ക്ഷാമവുമായിരുന്നു പ്രശ്നം. കൃഷി തന്നെ മുടങ്ങിപ്പോകുന്ന അവസ്ഥയിലാണ് പ്രിസിഷൻകൃഷി രക്ഷയ്ക്കെത്തുന്നത്. എന്നു മാത്രമല്ല, കൃഷി ചെയ്യുന്ന അഞ്ചേക്കർ സ്ഥലത്തെ ഓരോ ഏക്കറിൽ നിന്നും കഴിഞ്ഞ വർഷം കിട്ടിയത് രണ്ടു ലക്ഷം വീതം ലാഭമായിരുന്നു. പച്ചമുളകും തക്കാളിയുമാണിപ്പോൾ കൃഷി ചെയ്തിരിക്കുന്നത്. ഇതിനു നനയ്ക്കാൻ ആകെ കൂടി ഒരു കിണർ മാത്രമാണുള്ളത്. സുബ്രമണിയൻെറ മാത്രമല്ല ധർമപുരിയുടെ മൊത്തം പ്രശ്നമാണ് ജലക്ഷാമം. അതുകൊണ്ടു കൂടിയാണ് പ്രിസിഷൻകൃഷി വരുന്നതിനു മുമ്പ് എന്തു നട്ടാലും ഗതിപിടിക്കില്ല എന്ന നിരാശാബോധത്തിൽ കർഷകരൊക്കെ വീണുപോയിരുന്നത്. ഇപ്പോൾ സുബ്രമണിയന് ഒരു മണിക്കൂർ നനയ്ക്കാൻ 17000 ലിറ്റർ വെള്ളം മതി. അതിനു വേണ്ടത്ര വെള്ളം കിണറ്റിലുണ്ട്. ഒഴുക്കി നനയ്ക്കുന്നതിനാണു വെള്ളമില്ലാത്തത്.

അടുത്ത പ്രശ്നം തൊഴിലാളികളുടെയായിരുന്നു. കൃഷി പൊതുവേ പരാജയപ്പെട്ടപ്പോൾ കർഷകത്തൊഴിലാളികളും മറ്റു പണികളിലേക്കു ചുവടു മാറിയിരുന്നു. ഇപ്പോൾ സുബ്രമണിയന് രണ്ടു സമയത്തു മാത്രം തൊഴിലാളികളെ മതി. തുടക്കത്തിൽ ഉളിക്കലപ്പയ്ക്ക് ഉഴവു നടത്താനും മേട്ടുപ്പാത്തി തയാറാക്കാനുമൊക്കെയായി ദിവസം തോറും അഞ്ചു പണിക്കാരെ വേണം. വിളവെടുപ്പിൻെറ സമയത്താണ് പിന്നീടു പണിക്കാരെ വേണ്ടത്. അതിനു കൂടുതൽ പേരെ വേണം. ദിവസം തോറും ഏഴുപേരെയെങ്കിലും. എങ്കിൽ തന്നെയെന്ത്? ഒരേക്കറിനു നാല്പതു ടണ്ണിനുമേലാണ് വിളവു കിട്ടുന്നത്. എല്ലാ ചെലവുകളുംകഴിഞ്ഞാലും അറ്റാദായം രണ്ടുലക്ഷം രൂപയ്ക്കു മേൽ. ഇതിലേറെയെന്താണു വേണ്ടതെന്ന് സുബ്രമണിയൻ ചോദിക്കുന്നു.

*ഫോൺ: 09965518651*

---

തൻെറ ജോലിയെങ്കിൽ അതിൽ നിന്നു ലാഭമുണ്ടാക്കാനാവില്ലെങ്കിൽ ഈ പണി ഉപേക്ഷിച്ച് വീട്ടിൽ പോയിരിക്കണമെന്ന പക്ഷക്കാരനാണ് ചിന്നസ്വാമി. മറ്റു കർഷകരോടു പറയുന്നതുംഇതു തന്നെ. അവരെ ആവേശം കൊള്ളിച്ച് ഒപ്പം നിർത്തേണ്ടതെങ്ങനെയെന്നും ഇദ്ദേഹത്തിനറിയാം. അതിൻെറ വിജയമാണ് ധർമപുരിയിൽ കാണുന്നത്. പ്രിസിഷൻ കൃഷിയെപ്പറ്റിയുള്ള അഭിപ്രായമെന്തെന്നു ചോദിച്ചാൽ ഉത്തരം റെഡിമെയ്ഡ്. തുള്ളി പണ്ണൈ വ്യവസായം മട്ടം താൻ വ്യവസായം. അതായത് ഇതു മാത്രമാണ് ശരിയായ കൃഷിയെന്ന്.

കമ്പനിയുടെയും ഷോപ്പിൻെറയും പ്രവർത്തനത്തിനായി കൂടുതൽ സമയം നീക്കി വയ്ക്കേണ്ടി വന്നപ്പോഴും ചിന്നസ്വാമി കൃഷിയിടത്തിലെ സമയം കുറച്ചില്ല. രാവിലെ പത്തു മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെയുള്ള സമയം കമ്പനിക്ക്. എങ്കിൽക്കൂടി ഒമ്പതു മണിക്കൂർ കൃഷിയിടത്തിൽ ചെലവഴിക്കും. പുലർച്ചെ അഞ്ചു മുതൽ പത്തു വരെയും ഉച്ചകഴിഞ്ഞ് മൂന്നു മുതൽ രാത്രി ഏഴുവരെയും. റാഗി, വഴുതിന, മഞ്ഞൾഎന്നിവയാണിപ്പോൾ കൃഷി. ഒരു വഴുതിനയിൽ നിന്ന് ഇദ്ദേഹത്തിനുകിട്ടുന്നത് മുപ്പതു കിലോ വരെ വിളവ്. ഒരേക്കറിൽ ഇത്തരം ആറായിരം വഴുതിനയാണുള്ളത്. പച്ചവഴുതിനയാണെങ്കിൽ ഒരേക്കറിന് നൂറു ടണ്ണും വയലറ്റ് കത്രിക്കയാണെങ്കിൽ നൂറ്റമ്പതു ടണ്ണുമാണ് വിളവ്. ഒരു കിലോയ്ക്ക് നാലു രൂപയാണിപ്പോൾ ധർമപുരിയിൽ ഇതിനു വില കിട്ടുന്നത്. പതിനഞ്ചു രൂപ വരെ വില ഉയരുന്ന സമയങ്ങളുമുണ്ടെന്നു ചിന്നസ്വാമി. വില ഉയരുന്നതനുസരിച്ച് ആദായക്കണക്കും ഉയർന്നുകൊണ്ടേയിരിക്കും.

*ഫോൺ: 09865151701*



പി. മഞ്ജുനാഥ റെഡ്ഡി

# തുറസിലേക്കിറങ്ങിയ പനിനീർപൂവ്

**പോളിഹൗസിനു പുറത്ത് ഡച്ച്റോസ് വിജയകരമായി കൃഷിചെയ്യാനാണ് പ്രിസിഷൻ കൃഷിയിൽ പി. മഞ്ജുനാഥ റെഡ്ഡിക്കു സാധിച്ചത്**

പ്രിസിഷൻകൃഷി പി. മഞ്ജുനാഥ റെഡ്ഡിക്ക് ധൈര്യം നല്കിയത് ആദായത്തിൻെറ കാര്യത്തിൽ മാത്രമല്ല, വ്യത്യസ്തമായൊരു രീതിയിൽ പുഷ്പകൃഷി നടത്താൻ കൂടിയാണ്. അന്നോളം പൂർണമായും പോളിത്തീൻ ഷീറ്റുകൊണ്ടു മേഞ്ഞ പോളിഹൗസുകളിലായിരുന്നു റോസപ്പൂക്കൾ വളർത്തിയിരുന്നത്. മഞ്ജുനാഥ റെഡ്ഡി സ്വന്തം നിലയിൽ നടത്തിയ പരീക്ഷണങ്ങളിലൊന്നിൻെറ ഫലമായാണ് ഇതിനെ പോളിഹൗസിനു പുറത്തിറക്കിയത്. അതിൽ നൂറുശതമാനംവിജയം. ലാഭമാകട്ടെ രണ്ടു ലക്ഷം രൂപയും.

ഡച്ച് റോസ് എന്നയിനമാണ് ഹൊസൂരിനു ചേർന്നു കിടക്കുന്ന കൃഷ്ണഗിരിയിൽ കൃഷി ചെയ്യുന്നത്. ഓരോ ഗ്രാമത്തിലും ചുരുങ്ങിയത് പത്തേക്കർ സ്ഥലത്ത് തുറന്ന കൃഷിയിടങ്ങളിൽ ഡച്ച് റോസിൻെറ കൃഷിയുണ്ടിപ്പോൾ. വിപണി നാല്പതു കിലോമീറ്റർ മാത്രം അകലെയുള്ള ബാംഗളൂരിലാണ്. ഒരു കെട്ട് പൂവിന് അറുപതു രൂപയാണിപ്പോഴത്തെ വില. ഇരുപതു പൂക്കളാണ് ഒരു കെട്ടിലുള്ളത്. മഞ്ഞയുടെയും ചുവപ്പിൻെറയും വിവിധ രാശികളിലുള്ള പൂക്കൾ ഒന്നിച്ചു ചേർത്താണ് ഓരോ കെട്ടും തയാറാക്കുന്നത്. ഒരേക്കറിൽ നിന്ന് ഒരു ദിവസത്തെ ആദായം നാലായിരം രൂപയ്ക്കു മേൽ വരും. ഒരു ദിവസത്തെ ചെലവ് ആയിരം രൂപയും. അതായത് അറ്റാദായം മൂവായിരം രൂപ. കീടനാശിനി പ്രയോഗം, നന, കളയെടുപ്പ്, വളമിടൽ എന്നീ കാര്യങ്ങളിൽ അങ്ങേയറ്റം ശ്രദ്ധയാവശ്യമായതിനാൽ വളരെ കൂടുതൽ സ്ഥലത്ത് ആർക്കും റോസ് കൃഷി ചെയ്യാനാവില്ല. പുഷ്പകൃഷിയിലേക്കു തിരിയുന്നവർ ബന്തിയും ക്രിസാന്തമവും ആസ്റ്ററും ചെയ്യുന്നതിനൊപ്പം റോസ് കൂടി ചെയ്യുന്നതാണിവിടുത്തെ പതിവ്.

പ്രിസിഷൻ കൃഷിയിൽ നല്ല വിളവു കിട്ടുന്ന മറ്റൊരു പൂവ് ബന്തിയാണ്. ഒരേക്കറിൽ 12000 ചെടി നടാം. രണ്ടരമാസം വളർച്ചയെത്തിയാൽ ആദായമെടുത്തു തുടങ്ങാം. നൂറ്റമ്പതു ദിവസം തുടർച്ചയായി വിളവെടുക്കാം. ആഴ്ചയിലൊരിക്കലാണ് പൂനുള്ളൽ. ഒരു വിളക്കാലത്ത് ഒരേക്കറിൽ നിന്ന് എട്ടു ടൺ വിളവു കിട്ടും. ഒരു കിലോയ്ക്ക് അഞ്ചു രൂപ മുതൽ നാല്പതു രൂപ വരെയാണു വില. ശരാശരി ഇരുപതു രൂപ ഉറപ്പ്. പരമ്പരാഗത കൃഷി രീതിയിൽ ഏക്കറിന് നാലു ടൺവിളവു കിട്ടിയിരുന്ന സ്ഥാനത്താണ് പ്രിസിഷൻ കൃഷിയിൽ എട്ടു ടൺ വിളവു കിട്ടുന്നത്.

*ഫോൺ: 09788432440*

# തോരാത്ത തുള്ളിയും തുള്ളിചോരാത്ത മികവും

**തുള്ളിക്കണക്കിലാണു നനയെങ്കിലും ജി. മഹേന്ദ്രൻെറ വാഴത്തോട്ടത്തിൽ ഏക്കറൊന്നിന് അറുപതു ടൺ വിളവ്**

വാഴയാണ് മഹേന്ദ്രൻെറ കരുത്ത്. അതും ഗ്രാൻഡ് നെയിൻ വാഴ. ധർമപുരി ജില്ലയിലെ നല്ലംപുള്ളി സ്വദേശിയായ ഇദ്ദേഹത്തെ നാട്ടുകാർ വാഴയുടെ കുലപതിയായി അംഗീകരിച്ചിരിക്കുകയാണ്.


കൃഷിയിലെ തൻെറ വിജയത്തിനെല്ലാം മഹേന്ദ്രൻ കടപ്പെട്ടിരിക്കുന്നത് പ്രിസിഷൻ കൃഷിയോടാണ്. ധർമപുരിക്ക് 2004-ൽ മാത്രമാണ് സ്വാതന്ത്ര്യം കിട്ടിയതെന്നു മഹേന്ദ്രൻ. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിത്തന്നതു ഗാന്ധിജിയാണെങ്കിൽ ധർമപുരിക്കു സ്വാതന്ത്ര്യം കൊണ്ടുവന്നതു ഡോ. വടിവേൽ. കാരണം അദ്ദേഹമാണ് 2004-ൽ ഇവിടേക്കു പ്രിസിഷൻകൃഷി കൊണ്ടുവരുന്നത്. ധർമപുരിയുടെ ഇന്നത്തെ ഐശ്വര്യമെല്ലാം ഇതിൻെറ ദാനമാണല്ലോ.

സ്വന്തമായുള്ള അഞ്ചേക്കറിൽ മുഴുവൻ വാഴ നട്ടിരിക്കുന്നതിനുപുറമെ അമ്മാവൻെറ അഞ്ചേക്കർസ്ഥലം പാട്ടത്തിനെടുത്ത് അതിൽകൂടി ഇദ്ദേഹം ഗ്രാൻഡ് നെയിൻവളർത്തുന്നു. ആരു കണ്ടാലും ഒന്നു കൂടി നോക്കിപ്പോകുന്ന വാഴക്കുലകളാണ് മഹേന്ദ്രൻെറ യശസുയർത്തുന്നത്. ഓരോ കുലയുംഅമ്പതു കിലോയോളം തൂക്കം വരുന്നതാണ്.

വെള്ളത്തിൻെറ കടുത്ത ക്ഷാമം തന്നെയാണ് നല്ലംപുള്ളിയുടെയും പ്രശ്നം. പ്രിസിഷൻ കൃഷി വന്നതോടെ ദിവസം തോറും ഒരു മണിക്കൂർ വീതം നനച്ചാൽ മതി. അതും തുള്ളിതുള്ളിയായുള്ള നന. എന്നിട്ടുംവിളവിൽ ഒരു കുറവുമില്ല. വെറുതേയല്ല ധർമപുരിക്കു സ്വാതന്ത്ര്യംകിട്ടിയത് 2004-ൽ ആണെന്ന് ഇദ്ദേഹം പറയുന്നത്. വാഴക്കായ്ക്ക് കിലോയ്ക്ക് അഞ്ചു രൂപയാണ് ധർമപുരിയിലെ വില. അമ്പതു കിലോ തൂക്കമുള്ള കുലയ്ക്ക് 250 രൂപ ഉറപ്പ്. ചില സീസണിൽ കിലോയ്ക്ക് എട്ടു രൂപ വരെയും വിലയെത്തും. ഒരേക്കറിൽ 1200 വാഴ വീതമാണുള്ളത്. മൊത്തം വിളവ് അറുപതു ടൺ ഉറപ്പ്. കൃഷിച്ചെലവെല്ലാം കഴിഞ്ഞാലും രണ്ടു ലക്ഷം രൂപയുടെ ലാഭം ഉറപ്പാണെന്ന് മഹേന്ദ്രൻ തറപ്പിച്ചു പറയുന്നു.

*ഫോൺ: 09994790646*

ജി. മഹേന്ദ്രൻ



ESTABLISHED 1888

1184 മിഥുനം 22, 1430 റജബ് 13, മൂലം 40/44, ചതുർദശി 15/34

# തുള്ളിക്കൊരു കുടം പൊലിക്കുന്ന കൃഷി

## തമിഴ് കർഷക കൂട്ടായ്മയുടെ വിജയഗാഥ

കർഷകനു ന്യായമായ വരുമാനം ഉറപ്പാക്കാൻ കഴിയാത്ത നമ്മുടെ ആസൂത്രകർ എന്താണു ചെയ്യേണ്ടതെന്നറിയാൻ തമിഴ്നാട്ടിലേക്കു പോകണം. അവിടെ ഒരു നിശബ്ദവിപ്ലവം നാലഞ്ചുവർഷമായി നടക്കുകയാണ്. വിളവിന്റെയും ആദായത്തിന്റെയും പരിമിതമായ കണക്കുകൾ തമിഴകത്തു ചെറുകൃഷിക്കാർ തിരുത്തിക്കുറിച്ചിരിക്കുന്നു.

സാങ്കേതികവിദ്യയെയും വിജ്ഞാനവ്യാപന സംവിധാനത്തെയും ഉദ്യോഗസ്ഥവൃന്ദത്തെയും ഏറ്റവും ഫലപ്രദമായി ഒത്തിണക്കി എന്നതാണു തമിഴ്നാടിന്റെ വിജയതന്ത്രം. കിറുകൃത്യമായ കൃഷിയെന്നു മൊഴിമാറ്റം നടത്താവുന്ന 'പ്രിസിഷൻ' കൃഷിയുടെ രാജ്യത്തെ വൻകിട പരീക്ഷണശാലകളാണു കൃഷ്ണഗിരി, ധർമപുരി ജില്ലകൾ. തമിഴ്നാട്ടിലെ എല്ലാ ജില്ലകളും തുള്ളിതുള്ളിയായി വെള്ളം കൊടുത്തു നനച്ചുള്ള ഈ കൃഷിരീതി പകർത്തിവരികയാണ്.

അമേരിക്ക, ഇസ്രയേൽ തുടങ്ങി കാർഷികമേഖലയിൽ കുതിച്ചുചാട്ടം നടത്തിയ രാജ്യങ്ങളെല്ലാം പിന്തുടരുന്ന സമ്പ്രദായമാണു പ്രിസിഷൻ കൃഷി. ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ഓരോ തുണ്ടു പ്രദേശത്തിനും ആവശ്യമായ വെള്ളത്തിന്റെയും വളത്തിന്റെയും തോതു നിശ്ചയിച്ച് അവ കൃത്യമായി തുള്ളിനനയായി നൽകുകയും ചെയ്യുന്നതാണു കൃഷിയുടെ അടിസ്ഥാനതത്വം. പരമ്പരാഗത കൃഷിയിൽ ഇന്നോളം കണ്ടുശീലിച്ച വിളവിന്റെയും ആദായത്തിന്റെയും കണക്കുകളെ അമ്പരപ്പിക്കുന്ന വ്യത്യാസത്തിൽ പിന്തള്ളുന്ന ശാസ്ത്രീയ വിദ്യയായി പ്രിസിഷൻ കൃഷി അംഗീകാരം നേടിയിട്ടുണ്ട്. തമിഴ്നാടു സർക്കാർ കർഷകരോടൊപ്പം നിന്നുകൊണ്ട് ഈ കൃഷിരീതി ചുരുങ്ങിയ സമയത്തിനുള്ളിൽ വിജയകരമായി നടപ്പാക്കിയെന്നതാണ് അവരുടെ കർമകുശലതയ്ക്കുള്ള തെളിവ്. ഇതിൽ അഭിനന്ദനം അർഹിക്കുന്നവരുടെ പട്ടികയ്ക്കു നീളമേറും. പുതിയ സമ്പ്രദായം സ്വീകരിച്ച കർഷകരും പ്രായേണ വിദ്യാഭ്യാസം കുറഞ്ഞ അവർക്കായി പ്രിസിഷൻ കൃഷി പരിവർത്തനപ്പെടുത്തിയ ഗവേഷകരും കാർഷിക സർവകലാശാലയ്ക്കൊപ്പം മുന്നിട്ടിറങ്ങിയ കൃഷിവകുപ്പും രാഷ്ട്രീയത്തിന്റെയും കൊടിയുടെ നിറത്തിന്റെയും വ്യത്യാസം നോക്കാതെ പദ്ധതികൾക്കു തുടർച്ചയും പിന്തുണയും നൽകിയ ഭരണകർത്താക്കളുമെല്ലാം അഭിനന്ദനം അർഹിക്കുന്നു.

തമിഴ്നാട് ആവിഷ്കരിച്ച പ്രിസിഷൻ കൃഷി വളരെ ലളിതമാണ്. ആഴത്തിൽ ഉഴുതുമറിച്ച് വാരം കോരിയ കൃഷിയിടത്തിൽ അത്യുൽപാദനശേഷിയുള്ള സങ്കരവിത്തുകളുടെ കൃഷി. പരമ്പരാഗത കൃഷിരീതി നേടുന്നതിനെക്കാൾ നാലും അഞ്ചും ഇരട്ടി വിളവുനേടാൻ പുതിയ സമ്പ്രദായത്തിലൂടെ സാധാരണ കർഷകർക്കുപോലും സാധിച്ചു. കൂട്ടായി വിലപേശി ഏറ്റവും കൂടിയ വിലയ്ക്ക് ഉൽപന്നം കർഷകർ വിറ്റഴിക്കുമ്പോൾ ഒരുവർഷം ഒരേക്കർ സ്ഥലത്തെ തക്കാളിയിൽനിന്നു നാലുലക്ഷം രൂപവരെ ആദായം നേടാനാകുന്നു. വഴുതനയിൽനിന്നു രണ്ടരലക്ഷം, വാഴയിൽനിന്നു മൂന്നുലക്ഷം, റോസാപ്പൂവിൽനിന്നു പത്തുലക്ഷം എന്നിങ്ങനെ ഏതു വിളയിൽനിന്നുമുള്ള ആദായം ലക്ഷങ്ങളിലേക്കു കുതിക്കുന്നു.

ധർമപുരിയിൽ നൂറു ഹെക്ടറിൽ 2004ൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി ഇതിന്റെ തുടക്കംകുറിച്ചതു ജയലളിതയുടെ ഗവൺമെന്റാണ്. എന്നാൽ, അതിന്റെ അന്തഃസത്ത അശേഷം ചോർന്നുപോകാതെ മുന്നോട്ടുകൊണ്ടുപോയതു കരുണാനിധി ഗവൺമെന്റും. കേരളത്തിൽ ഭരണമാറ്റമെന്നാൽ മുൻ ഗവൺമെന്റ് തുടങ്ങിവച്ചവയുടെയെല്ലാം നിരാസംകൂടിയാണല്ലോ. ഗവേഷകരുടെയും കൃഷിവകുപ്പ് അധികൃതരുടെയും കാര്യക്ഷമതയാണു പ്രശംസ അർഹിക്കുന്ന മറ്റൊരു ഘടകം. കൃഷിക്കാർക്കൊപ്പം ഇവരെല്ലാം എപ്പോഴും ഉണ്ടായിരിക്കും.

സമീപനത്തിലെ വ്യത്യാസമാണു മറ്റൊരു പ്രത്യേകത. കൃഷിയിൽനിന്ന് എത്ര ആദായമുണ്ടായി എന്നതാണു വിജയ മാനദണ്ഡമെന്നു പ്രിസിഷൻ കൃഷി തെളിയിക്കുന്നു. തമിഴ്നാട്ടിൽ കർഷകർക്കാണു പ്രഥമസ്ഥാനം; അവരുടെ താൽപ്പര്യങ്ങൾക്കാണു പ്രാമുഖ്യം. അവർ ആർക്കും സ്വാതന്ത്ര്യം അടിയറവയ്ക്കുന്നുമില്ല. മലയാള മനോരമയുടെ 'കർഷകശ്രീ' മാസികയുടെ ഈ ലക്കം ഈ വിഷയത്തെപ്പറ്റി വിശദമായ ഫീച്ചർ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ ശൈലിയിലൂടെ മാത്രമേ കർഷകരെ കൃഷിയിൽത്തന്നെ പിടിച്ചുനിർത്താൻ സാധിക്കൂ വെന്നു നമ്മുടെ നാട്ടിലെയും ഭരണകർത്താക്കൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

കർഷകരുടെ ശാക്തീകരണമാണു ധർമപുരിയും കൃഷ്ണഗിരിയും നൽകുന്ന മറ്റൊരു സന്ദേശം. ധർമപുരിയിൽ കർഷകർ സ്വന്തം നിലയിൽ രൂപീകരിച്ച ഉൽപന്ന വിപണന കമ്പനിയുടെ നായകൻ തന്നെ നാലാം ക്ലാസ് വിദ്യാഭ്യാസം മാത്രമുള്ളയാളാണ്. റീട്ടെയിൽ ഭീമന്മാരോടുപോലും വിലപേശാൻ സംഘടിത കർഷകർക്കു കഴിയുന്നു. സഹ്യനപ്പുറത്തെ മണ്ണിൽ വേരുപിടിച്ചുകഴിഞ്ഞ മാറ്റങ്ങൾ അഭ്യസ്തവിദ്യരുടെ നാടായ കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധമായ മണ്ണിലേക്ക് എന്നു പറിച്ചുനടാനാവും എന്നതാണു വലിയ ചോദ്യം.

## കത്തുകൾ

e-mail: mmportal@mm.co.in